

# യു.എസ്. ട്രിബ്യൂൺ

US TRIBUNE
A LEADING INDO-ASIAN NEWS PAPER

Edifying, Defining And Inspiring Ordinary Individuals to Become Extraordinary Ones

*log on for our online issue : www.ustribuneonline.org*

VOL. No.2 ISSUE NO.11

SUBSCRIPTION $ 50 YEARLY

US EDITION
2014-15
DEC 15 - JAN 15




LEADING [ INSIDE ] STORIES


PAGE 3 — സ്വർഗ്ഗീയ പറുദീസാ



PAGE 5 — ഫേസ്ബുക്കും വിഡ്ഢികളും





PAGE 6 — പുരോഹിതന്റെ ആവശ്യം




# മോദിയുടെ ഭരണത്തിൽ ആർഎസ്എസ് നിയന്ത്രണം

**മതന്യുനപക്ഷങ്ങൾക്ക് ആശങ്ക ... ആർഎസ്എസ് അജൻഡ നിഗൂഢം ... കോൺഗ്രസ് തകർച്ചയിൽനിന്ന് മുക്തമായിട്ടില്ല ...**

**സ്വന്തം ലേഖകൻ**



ന്യൂഡൽഹി: മോദിയുടെ ഭരണത്തിന് ആർഎസ്എസിന്റെ നിയന്ത്രണം പരസ്യമാക്കപ്പെടുന്നു. കോൺഗ്രസിന്റെ പിൻതുടർച്ചാധികാരത്തിൽനിന്ന് വൻ ഭൂരിപക്ഷത്തോടെ മോദി ഭാരതത്തിന്റെ അധികാരത്തിന്റെ ചുക്കാൻ കൈക്കലാക്കുന്നതിൽ ആർഎസ്എസ് വഹിച്ച പങ്ക് വലുതാണ്.

കാലഘട്ടത്തിനനുസരിച്ച് തകർന്നുകിടന്ന പാർട്ടിയെ കൊടുങ്കാറ്റുപോലെ തെരഞ്ഞെടുപ്പിനു മുമ്പുതന്നെ ഗുജറാത്തിലെ വികസനം ഉയർത്തികാട്ടിക്കൊണ്ട് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും മോദി തരംഗം ഉണ്ടാക്കിയതിന്റെ പിന്നിലും ആർഎസ്എസിന്റെ അകമഴിഞ്ഞ പ്രോത്സാഹനമായിരുന്നു.

മോദിയുടെ നേതൃത്വത്തിൽ പഴഞ്ചൻ ബിജെപി ആശയത്തിൽനിന്ന് ആധുനികതയുടെ വക്താവായി രഹസ്യമായ പിന്തുണ ആർഎസ്എസിന്റെ നേതൃത്വം മോദിക്ക് നൽകിയിരുന്നു. എൽ കെ. അദ്വാനി, മുരളി മനോഹർ ജോഷി, തുടങ്ങിയ ബിജെപിയുടെ ശക്തരായ നേതാക്കന്മാരുടെ നേതൃത്വം ഭാരതത്തിൽ ഇനി വിജയിക്കില്ലെന്നു മനസ്സിലാക്കിയ ആർഎസ്എസ് മോദി

*പേജ് 8 ൽ തുടർച്ച*





# കെ എം മാണിയും കേരളാ കോൺഗ്രസും [എം] പ്രതിസന്ധിയിൽ

**സ്വന്തം ലേഖകൻ**



തിരുവനന്തപുരം: ബാർ കോഴക്കേസിൽ ധനമന്ത്രി കെ.എം. മാണിക്ക് പങ്കുണ്ടെന്ന വിജിലൻസിന്റെ കണ്ടെത്തൽ കെ.എം.മാണിയെയും കേരള കോൺഗ്രസ്(എം)നെയും ഒരുപോലെ പ്രതിസന്ധിയിലാക്കി.

ക്രൈസ്തവസഭയുടെയും സമൂഹത്തിന്റെയും വ്യാപകമായ പിന്തുണയുള്ള കേരളാ കോൺഗ്രസ് 50 വർഷത്തെ രാഷ്ട്രീയ പാരമ്പര്യംകൊണ്ട് കെ.എം. മാണി കളങ്കരഹിത പ്രതിച്ഛായക്കു മുന്നിലായിരുന്നു. അടുത്ത സമയത്ത് മുഖ്യമന്ത്രിയാകാനുള്ള അധികാര മോഹവും ഉപചാപസംഘങ്ങളുടെ പ്രോത്സാഹനവും കൂടി ആയപ്പോൾ കെണിയിൽ പെട്ടത് മാണി. പാർട്ടിയിലെ അധികാരമോഹികളുടെയും അഴിമതിക്കാരുടെയും നീണ്ടനിരയെ സംരക്ഷിക്കുന്നതിൽ മൂല്യങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനത്തിനുള്ള തിരിച്ചടിയാണ് ആർക്കും തൊടുവാൻ കഴിയാത്ത കെ.എം. മാണിയെ പ്രതിസന്ധിയിലെത്തിച്ചത്.

എം.എൽഎ മാരുടെ എണ്ണവും രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് അധികാരങ്ങളും അവകാശങ്ങളും മുഴുവൻ സ്വന്തം സ്വാധീനത്തിലൊ

*പേജ് 2 ൽ തുടർച്ച*

**കാർട്ടൂൺ**

**മാത്തൂർ കത്തനാർ**





"മദ്യപാനികളെ പള്ളിയിൽനിന്ന് പുറത്താക്കിയാൽ പള്ളിക്ക് താഴിടേണ്ടി വരുമോ" ?

# മദ്യപാനികളെ ഇടവകകളുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിവാക്കണം

**ജെമി ജേക്കബ്**

ന്യുയോർക്ക്: ക്രൈസ്തവ സഭകളിലെ ഇടവകകളിൽ നിന്നും മദ്യപാനികളെയും മദ്യവിൽപനക്കാരെയും സഭാ ഉത്തരവാദിത്വങ്ങളിൽ നിന്നും മാറ്റുവാൻ സഭാ നേതൃത്വം തയ്യാറാകണമെന്ന് ഗ്ലോബൽ ക്രിസ്ത്യൻ കൗൺസിൽ ആവശ്യപ്പെട്ടു. മദ്യവില്പനക്കാരുടെ വോട്ടും പണവും വേണ്ടന്ന് കെപിസിസി പ്രസിഡന്റ് വി.എം സുധീരന് പറയുവാൻ സാധിക്കുമെങ്കിൽ സഭാദ്ധ്യക്ഷന്മാർ കൂടുതൽ ഗൗരവത്തോടുകൂടി മദ്യപാനികളോടു

*പേജ് 2 ൽ തുടർച്ച*


# Embrace a lifestyle that's par above...

A unique upper crest villa community that will set the pace in high-class luxury living in Kochi

Villa Florenza
7 Star Villas









Villa Florenza features 14 Ultra-Luxury Villas sprawling in 162 cents of lavishly landscaped land just 300 meters from seaport-airport road encapsulating a harmonious blend of luxurious lifestyle with human centric technology & bespoke state-of-the-art amenities.

## Individual Villa Features

Biometric Home Access | App Controlled Human Centric Home Automation | Mood Lighting | Hydraulic Elevator Equipped Floors | Logic Enabled Kitchen | Outdoor Dining | Open Sky Shower | Jacuzzi | Biometric Access Controlled Romantic Day Bed | Rooftop Play Area | Gazebo | Utility Terrace | Concierge Services | Ultra Premium Flooring, Sanitary Fittings & much more...

**Special offer to US Tribune subscribers.**
Book your villa between Dec 1st & Dec 31st, 2014 and avail a discount of Rs. 3 Lakhs

Call: 0091 -9747240007 / 0091- 9947147002
Write to: mail@annaproperty.com | www.annaproperty.com

ANNA PROPERTIES

ideaspace

# അമേരിക്കൻ കുടിയേറ്റ നിയമത്തിൽ വൻഭേദഗതി

സ്വന്തം ലേഖകൻ

വാഷിംഗ്ടൺ ഡി.സി: അമേരിക്കൻ കുടിയേറ്റ നിയമത്തിൽ വൻ ഭേദഗതി വരുത്തിക്കൊണ്ട് പ്രസിഡന്റ് ബരാക്ക് ഒബാമ എക്സിക്യുട്ടിവ് അധികാരത്തിലൂടെ ഉപദേശം നൽകി. 50 ലക്ഷത്തിലധികം നിയമാനുസൃതമല്ലാത്ത കുടിയേറ്റക്കാർക്ക് അമേരിക്കയിൽ നിലനിൽക്കുവാൻ അവസരമാകും. ഇന്ത്യയിൽ നിന്നുള്ള 4 ലക്ഷത്തിലധികം പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. എച്ച്-1 വീസയിൽ വന്ന് വർഷങ്ങളായി നിയമാനുസൃതമായി വീസ ഇല്ലാത്ത നിരവധി പേർക്കാണ് ഇതിന്റെ സേവനം ലഭിക്കുക. എച്ച്-1 ൽ dependent spouse ന് ഇനി വർക്ക് പെർമിറ്റില്ലാത്തസ്ഥിതി മാറും.

പേജ് 1 ൽ നിന്ന് തുടർച്ച

## കെ എം മാണിയും കേരളാ കോൺഗ്രസും [എം] പ്രതിസന്ധിയിൽ

തുക്കി ഏത് അഴിമതികളെയും മുക്കുവാൻ സ്വാധീനമുള്ളവർക്ക് മാത്രം കാര്യങ്ങൾ നേടാമെന്ന രീതിയിലേക്കാണ് കേരളത്തിലെ പോക്ക്. പൊതുമാരമത്തു വകുപ്പിൽ വൻ അഴിമതിയും, ഉദ്യോഗസ്ഥ ഭരണവുമാണ് നടക്കുന്നതെന്ന് പരസ്യമായ പാട്ടാണ്. അധികാരം നിലനിർത്താൻ വേണ്ടി അതിനെ ന്യായികരിച്ച മുഖ്യമന്ത്രിയുടെ നിലപാടും ഭാവിയിൽ ചോദ്യം ചെയ്യും. മാർ ക്ലീമിസ് കതോലിക്ക ബാവ, മാണിക്ക് അനുകൂലമായി "ആരോപണവിധേയൻ അഴിമതിക്കാരനാകില്ലാ" എന്ന പ്രസ്താവനയ്ക്കെതിരെ പൊതു സമൂഹത്തിൽനിന്ന് വ്യാപകമായ പ്രതിഷേധമാണ് ഉയരുന്നത്. ബാവയുടെ ഇടപെടലിനെതിരെ വ്യാപകമായ വിമർശനം ഉയർന്നിട്ടുണ്ട്. രാഷ്ട്രീയക്കാരും, സഭാനേതാക്കന്മാരും തമ്മിലുള്ള അവിശുദ്ധ ബന്ധമാണ് ഇത് വെളിപ്പെടുത്തുന്നത്.

പേജ് 1 ൽ നിന്ന് തുടർച്ച

## മദ്യപാനികളെ ഇടവകകളുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിവാക്കണം

ള്ള സമീപനം മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്. പല ഇടവകകളിലും സഭയുടെ നിയന്ത്രണം ഇത്തരക്കാരുടെ കൈകളിൽ ആയതുകൊണ്ട് ക്രൈസ്തവസഭകളിലെ ആത്മീക മൂല്യങ്ങൾക്കും മാതൃകയില്ലാത്ത പ്രവൃത്തി മൂലം ക്രൈസ്തവ മൂല്യങ്ങൾ നഷ്ടപ്പെടുകയാണ്. യുവജനങ്ങൾ മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളാകുന്നതിനുള്ള പ്രചോദനം ഇത്തരക്കാരായ മുതിർന്നവരുടെ സ്വാധീനം മൂലമാണ്.

വിവാഹത്തിനും, മറ്റ് കുടുംബ ആഘോഷങ്ങളിലും മദ്യം വിളമ്പുന്നതും, അങ്ങനെയുള്ളവരുടെ സൽക്കാരങ്ങളിൽ നിന്ന് ഇടയന്മാരും വിശ്വാസികളും ആത്മീയ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നവരും വിട്ടു നിൽക്കേണ്ടതും ആവശ്യമാണ്. കേരളത്തിലെ മദ്യനിരോധനവും മദ്യവർജ്ജനവും ചുരുങ്ങിയ സമയംകൊണ്ട് കുടുംബങ്ങളിൽ വലിയ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. ക്രൈസ്തവ സഭകളിലും സംഘടനകളിലും നിന്നു തന്നെ മദ്യപാനത്തിനെതിരെ ബോധവൽക്കരണ പരിപാടികളും, മദ്യപാനം നിറുത്തുന്നവരെ ഇടവകളിലും, സംഘടനാ മീറ്റിങ്ങുകളിലും പരസ്യമായി അഭിനന്ദിക്കുകയും വേണം. അടുത്ത തലമുറയെങ്കിലും മദ്യപാനത്തിന്റെ ശാപത്തിൽനിന്നും ഏറെക്കുറെ മോചനം ലഭിക്കുന്നതിനു കാരണമാകും.

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

യുഎസ് ട്രിബ്യൂൺ ഓൺ ലൈൻ എഡിഷൻ പുതുവർഷത്തിൽ വായനക്കാർക്കായി സമർപ്പിക്കുകയാണ്. **www.ustribuneonline.org** എന്ന വൈബ്സൈറ്റിൽ ഏറ്റവും പുതിയ വാർത്തകളുമായി ഞങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു.

Chief- in- operations - **Varughese Mahew**
E-mail. info@ustribuneonline.com

## ചർച്ച് ഓഫ് ഗോഡ് ഫാമിലി കോൺഫറൻസ് പ്രാരംഭ രജിസ്ട്രേഷൻ ന്യൂയോർക്കിൽ കിക്ക് ഓഫ് ചെയ്തു

ന്യൂയോർക്ക്: നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡിന്റെ 20-ാമത് ഫാമിലി കോൺഫറൻസിന്റെ മീറ്റിംഗ് നവംബർ 29 ന് ശനിയാഴ്ച എൽമണ്ടിലുള്ള ഫസ്റ്റ് ചർച്ച് ഓഫ് ഗോഡ് സഭാഹാളിൽ നടക്കുകയുണ്ടായി. കോൺഫറൻസിന്റെ പ്രമോഷണൽ യോഗങ്ങൾ വിവിധ പട്ടണങ്ങളിൽ ക്രമികരിച്ചിരിക്കുന്നു. ഡിസംബർ 20, 2015 മാർച്ച് 7 തുടങ്ങിയ തീയതികളിൽ ന്യൂജേഴ്സിയിലെ സയോൺ ചർച്ച് ഓഫ് ഗോഡിലും, ഫിലാദൽഫിയ എബനേസർ ചർച്ച് ഓഫ് ഗോഡിലും നടക്കുമെന്ന് പ്രസിഡന്റ് പാസ്റ്റർ മോനി മാത്യു അറിയിച്ചു. 2015 ജനുവരി 4ന് രാത്രി 9 മണിക്ക് ആദ്യ പ്രയർലൈൻ കോൺഫറൻസ് നടക്കും. 605 562 3140 എന്ന ഫോൺ നമ്പറിൽ 702563 എന്ന ആക്സസ് കോഡിലൂടെ പ്രയർലൈനിൽ പ്രവേശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.nacog2015.org

## ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രസിഡന്റായി ജോസ് കണിയാലി


ജോസ് കണിയാലി

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രസിഡന്റായി ജോസ് കണിയാലിയും വൈസ് പ്രസിഡന്റായി റോയി നെടുംചിറയെയും തെരഞ്ഞെടുത്തു. ജീനോ കോതാലടിയിൽ (സെക്രട്ടറി), സണ്ണി ഇടിയാലിൽ (ജോ. സെക്രട്ടറി), സ്റ്റീഫൻ കിഴക്കേക്കുറ്റ് (ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. 2015-16 വർഷങ്ങളിലേക്കാണ് ഇവരുടെ കാലാവധി. പ്രസിഡന്റായി തിരഞ്ഞെടുത്ത് ജോസ് കണിയാലി കേരളാ എക്സ്പ്രസ് പത്രത്തിന്റെ എക്സിക്യൂട്ടിവ് എഡിറ്ററും സാമൂഹിക പ്രവർത്തകനുമാണ്. ജോസ് കണിയാലി 2015 നവംബറിൽ ചിക്കാഗോയിൽ വച്ച് നടത്തപ്പെടുന്ന ആറാമത് ഇന്ത്യ പ്രസ് ക്ലബ് ദേശീയ കോൺഫറൻസ് ചെയർമാൻ കൂടിയാണ്.

ഡിസംബർ 31ന് വൈകിട്ട് 10 മണിക്ക് കെസിഎസ് സംഘടിപ്പിക്കുന്ന പുതുവത്സര സമ്മേളനത്തിൽ വച്ച് പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്യും.
















ഇതിലെ കഥാപാത്രങ്ങൾ സാങ്കല്പികമാണ്. സമാനമായ സംഭവങ്ങളെ വായനക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.



Dr. M.K. Lukose Manniyottu
E-mail. drmklukos@att.net



# നിയന്ത്രണം അധികമായാൽ

സോണിയും റീമയും വിവാഹം കഴിഞ്ഞിട്ട് ആറു മാസമേ ആയിട്ടുള്ളു. ഭാര്യ തന്നെ നിയന്ത്രിക്കുന്നു എന്ന പരാതിയുടെ കെട്ടഴിക്കുകയായിരുന്നു സോണി. ‘‘ഇവൾക്ക് ഭരണം കൂടുതലാണ്, എനിക്ക് യാതൊരു സ്വാതന്ത്ര്യവും തരാറില്ല, എവിടെ പോയാലും ഞാൻ അവളോടു പറഞ്ഞില്ലെങ്കിൽ അവൾക്ക് സംശയമാണ്, വീട്ടുകാര്യങ്ങൾ മുഴുവൻ അവൾ അവളുടെ സുഹൃത്തുക്കളോടു പറയുന്നു. എനിക്കു കിട്ടുന്ന പണം പോലും ഉപയോഗിക്കാൻ കഴിയുന്നില്ല. ഞാൻ എന്തിനാണു സർ ഇവളുടെ കൂടെ ജീവിക്കുന്നത്?’’ സോണിയുടെ വാക്കുകൾ ഇങ്ങനെ നീണ്ടു പോകുന്നു.

ഇവിടെ നാം മനസ്സിലാക്കേണ്ടത് ഭാര്യാഭർതൃബന്ധത്തിൽ നിയന്ത്രണത്തിന്റെ അതിർ വരമ്പുകൾ ലംഘിക്കുമ്പോൾ പ്രതിസന്ധിയുടെ ആരംഭത്തിന് തുടക്കം ആകുന്നു. ഈ യുവ ദമ്പതികളുടെ പശ്ചാത്തലം നോക്കിയാൽ റീമ സാധാരണ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ട പെൺകുട്ടിയായിരുന്നു. സോണിയുടേത് സമ്പന്നമായ കുടുംബവും. സോണിയുടെ ജീവിതത്തിലേക്ക് റീമ പ്രവേശിച്ചപ്പോൾ ഈ സാമ്പത്തിക അസന്തുലിതാവസ്ഥയും, പഴയകാല ജീവിത സാഹചര്യങ്ങളും വ്യക്തിബന്ധങ്ങൾക്കിടയിൽ അസ്വാരസ്യം ഉണ്ടാക്കി. സോണിയെ സംബന്ധിച്ചിടത്തോളം പഠനസമയത്ത് നിർലോഭമായി പണം ചിലവഴിച്ചുള്ള ജീവിതമായിരുന്നു. കുടുംബജീവിതത്തിൽ പ്രവേശിച്ചപ്പോൾ പണത്തിന്റെ പരിമിതി അനുഭവിച്ചിട്ടുള്ള റീമക്ക് ഭർത്താവിന്റെ കുടുംബത്തിലെ ഉയർന്ന സാമ്പത്തികസ്ഥിതിയും ധൂർത്തും തീരെ സഹിക്കുന്നില്ലായിരുന്നു.

പണം കൂടുതൽ ചിലവാക്കുന്നതു ശീലമായിരുന്ന സോണിക്ക് കുടുംബ ബിസിനസ്സിൽ നിന്നുള്ള സ്രോതസും വലുതായിരുന്നു. അതീവ സുന്ദരിയായിരുന്ന റീമയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് ആദ്യം ഒന്നും സോണി എതിര് നിൽക്കാറില്ലായിരുന്നു. അവളുടെ ആകർഷണവും സൗന്ദര്യവും മറ്റു ചില കഴിവുകളും അവനെ ഏറെ ആകർഷിച്ചിരുന്നു. സോണിയുടെ കൂട്ടുകാർ, അവളെ ഉയർത്തുന്ന വാക്കുകളിൽ സോണി അവളെ അഭിമാനത്തോടുകൂടിയാണ് കണ്ടത്. മൂന്നു മാസം കഴിഞ്ഞപ്പോൾ റീമയുടെ സ്വഭാവത്തിൽ നിയന്ത്രണത്തിന്റെ അതിർ വരമ്പുകൾ ലംഘിക്കപ്പെടുവാൻ തുടങ്ങി. വർഷങ്ങളായി സോണിയുടെ കമ്പനിയിൽ കൂടെ ജോലിചെയ്തിരുന്ന സഹപ്രവർത്തകരോടു മിണ്ടുന്നതിൽ അവൾ പരിഭവം കാണിച്ച് നിയന്ത്രണം ഏർപ്പെടുത്താൻ തുടങ്ങി. ഇതുമൂലം കുടുംബ ബിസിനസ്സിൽ സഹായിച്ചുകൊണ്ടിരുന്ന സാധാരണക്കാരുപോലും അകലുവാൻ തുടങ്ങി.

വിവാഹത്തിനുശേഷം സ്വതന്ത്രമായ ജീവിതത്തിൽനിന്ന് തളയ്ക്കപ്പെട്ട ജീവിതത്തിലേക്ക് സോണി മാറ്റപ്പെടുകയായിരുന്നു. സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ഫോൺകോളുകൾ വന്നാൽ പോലും റീമ സോണിയോട് പറയാതെയായി. സുന്ദരിയായ റീമ ഇന്നു സോണിക്ക് അസമാധാനത്തിന്റെ ബോംബായി മാറി. കുടുംബ ജീവിത്തിൽ താളപ്പിഴകൾ സംഭവിച്ച ഇരു ദമ്പതികളും ആദ്യം ഒന്നും ശ്രദ്ധിക്കാതിരുന്ന മാതാപിതാക്കളോട പരാതി പറഞ്ഞുതുടങ്ങി. സോണിയുടെ മാതാപിതാക്കൾ അതിനെ ആദ്യം കാര്യമായി ഗൗനിച്ചില്ല. എന്നാൽ റീമയുടെ മാതാവ് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുവാൻ തുടങ്ങി. അവർ അവളുടെ കുടുംബജീവിത്തിൽ ഇടപെടുകയും റീമക്ക് തെറ്റായ ഉപദേശങ്ങൾ നൽകുവാനും തുടങ്ങി. ‘‘അവന്റെ സ്വത്തുക്കൾ നിന്റെ കൂടിയാണ്, നീയാണ് അത് സൂക്ഷിക്കേണ്ടത്, പഴയതുപോലെ ജീവിക്കാൻ അവനെ അനുവദിക്കരുത്’’. അമ്മയുടെ ഉപദേശം അനുസരിച്ചായിരുന്നു റീമയുടെ പോക്ക്. സോണിയുടെ ഏക സഹോദരിയായിരുന്ന ആൻസി സ്വന്തം മാതാപിതാക്കളെ കാണാൻ വരുന്നതു പോലും റീമ നിയന്ത്രിക്കുവാൻ തുടങ്ങി. ഇത് സോണിയുടെ മാതാപിതാക്കളിലും ആശങ്ക ഉളവാക്കി. ഈ ഘട്ടത്തിലാണ് സോണിക്ക് ഒരു തരത്തിലും മുന്നോട്ടു പോകുവാൻ കഴിയില്ല എന്നു മനസ്സിലാക്കി കൗൺസിലറെ സമീപിക്കുന്നത്.

> വിവാഹത്തിനുമുമ്പുള്ള അലസമായ ജീവിതത്തിൽനിന്നും തളയ്ക്കപ്പെട്ട ജീവിതത്തിലേക്ക് സോണി മാറ്റപ്പെട്ടു. സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ഫോൺകോളുകൾ വന്നാൽ പോലും സോണി പറയാതെയായി. സുന്ദരിയായ റീമ ഇന്നു സോണിക്ക് അസമാധാനത്തിന്റെ ബോംബായി മാറി. കുടുംബജീവിത്തിൽ താളപ്പിഴകൾ സംഭവിച്ച ഇരു ദമ്പതികളും ആദ്യം ഒന്നും ശ്രദ്ധിക്കാതിരുന്നു മാതാപിതാക്കളോട് പരാതി പറഞ്ഞുതുടങ്ങി.

ഞങ്ങൾ ഇരു കൂട്ടരുമായി സംസാരിച്ചപ്പോൾ ഒരു തരത്തിലും വിട്ടുവീഴ്ചയ്ക്ക് സമ്മതമല്ലായിരുന്നു. റീമയുടെ മാതാപിതാക്കൾ പ്രശ്നത്തെ കൂടുതൽ വഷളാക്കുകയും വിവാഹ മോചന ഭീഷണി ഉയർത്തുകയും ചെയ്തു. പ്രതിസന്ധി കൂടുതൽ വഷളായപ്പോൾ, ദമ്പതികളോടു വ്യക്തിപരമായി സംസാരിക്കുകയും അതിൽ സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കിയ റീമ വിട്ടുവീഴ്ചയ്ക്ക് തയ്യാറാവുകയായിരുന്നു. കുടുംബ ജീവിതത്തിൽ ഉപദേശിക്കുവാൻ പരിജ്ഞാനമോ അനുഭവമോ ഇല്ലാത്തവരുടെ ഇടപെടൽ പ്രശ്നങ്ങൾ കൂടുതൽ വഷളാക്കാനെ സാധിക്കുകയുള്ളൂ. ഇരു കുടുംബങ്ങളുടെയും മാതാപിതാക്കളുടെ ഇടപെടൽ ഒഴിവാക്കിക്കൊണ്ട് ദമ്പതികളുടെ കുറവുകളും പരിമിതികളും അവരെക്കൊണ്ട് തന്നെ ബോധ്യപ്പെടുത്തിയാൽ കുടുംബജീവിതത്തിൽ ശക്തമായ അടിത്തറ ഉണ്ടാകും. ശത്രുക്കളായിരുന്നവർ നിങ്ങളുടെ പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിക്കുവാൻ സമീപിക്കുമ്പോൾ സൂക്ഷിച്ചുവേണം അവരുമായി ഇടപെടുവാൻ. നിങ്ങളോട് അവർ കാണിക്കുന്ന പ്രീതി ഒരുപക്ഷേ നിങ്ങളുടെ പ്രശ്നത്തെ കൂടുതൽ വഷളാക്കുവാൻ ആയിരിക്കും. ■



# സ്വർഗ്ഗീയ പറുദീസാ

കെ.ഇ. എബ്രഹാം.

സ്വർഗ്ഗീയ പറുദീസായെക്കുറിച്ചു നാം നന്നായി ഗ്രഹിക്കണമെങ്കിൽ ആദ്യമായി സ്വർഗ്ഗം എന്താണെന്ന് അറിഞ്ഞിരിക്കണം. സ്വർഗ്ഗം എന്ന് നാം സാധാരണ പറയാറുണ്ടെങ്കിലും അത് ഒന്നല്ല അനേകമാണെന്നാണ് തിരുവെഴുത്തു വെളിപ്പെടുത്തിയിരിക്കുന്നത്. അതിനാൽ സ്വർഗ്ഗം അനവധിയാണെന്നും അവയ്ക്കെല്ലാം മീതെ സ്വർഗ്ഗാധി സ്വർഗ്ഗം അഥവാ അത്യുന്നത സ്വർഗ്ഗം സ്ഥിതി ചെയ്യുന്നു എന്നും സ്പഷ്ടമാക്കിയിരിക്കുന്നു.

അനവധിയായ സ്വർഗ്ഗങ്ങളെ മൊത്തത്തിൽ ഒന്നാം സ്വർഗ്ഗം, രണ്ടാം സ്വർഗ്ഗം, മൂന്നാം സ്വർഗ്ഗം എന്നിങ്ങനെ തിരുവെഴുത്തു മൂന്നായി തിരിച്ചിരിക്കുന്നു. ഒന്നാം സ്വർഗ്ഗം മേഘങ്ങളുടെ മണ്ഡലവും മൂന്നാം സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസന സ്ഥാനവും ആകുന്നു. യെശയ്യാ പ്രവചനത്തിൽ ലൂസിഫേറിന്റെ വിഴ്ചയെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗത്തു (യെശ. 14. 12-14) ഇതു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അവന്റെ ഹൃദയം അഹങ്കരിച്ചപ്പോൾ അവൻ ആക്കിവയ്ക്കപ്പെട്ടിരുന്ന സ്ഥാനത്ത് ഇരുന്നുകൊണ്ട് ഹൃദയത്തിൽ പറഞ്ഞതാമിത്. ഞാൻ മേഘോന്നതങ്ങൾക്ക് മീതെ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെ വയ്ക്കും. ഞാൻ സ്വർഗ്ഗത്തിൽ കയറും. മേഘോന്നതം(മേഘമണ്ഡലം)ദൈവത്തിന്റെ നക്ഷത്രങ്ങൾ (നക്ഷത്രമണ്ഡലം) സ്വർഗ്ഗം ഇവ മൂന്നും ഇവിടെ പ്രസ്താവിച്ചിരിക്കുന്നു.

ഈ ബ്രഹ്മാണ്ഡകടാഹത്തിൽ സ്ഥിതിചെയ്യുന്ന കോടാനുകോടി നക്ഷത്രജാലങ്ങൾ ദിവ്യജീവികളുടെ അഥവാ മാലാഖമാരുടെ വാസസ്ഥലങ്ങളായ സ്വർഗ്ഗീയ ഗോളങ്ങളാണെന്നു തിരുവെഴുത്തു വ്യക്തമാക്കിയിരിക്കുന്നു. ബ്രഹ്മാണ്ഡകടാഹത്തിലെ നക്ഷത്രജാലങ്ങൾ സംഖ്യാതീതങ്ങളെന്നു നാം അറിയുന്നു. അവയിൽ മുപ്പതുകോടിയോളം കണ്ടുപിടിച്ചതായും കണ്ടുപിടിക്കാൻ കഴിയാതെ ഇനി അനേക കോടിയുണ്ടെന്നും അവകാശപ്പെടുന്നു.

വെളിച്ചം ഒരു സെക്കന്റിൽ ഒരു ലക്ഷത്തി എൺപത്താറായിരം മൈൽ സഞ്ചരിക്കുമെന്നു ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുനു. അങ്ങനെയുള്ള വെളിച്ചം ചില നക്ഷത്രങ്ങളിൽനിന്നു പുറപ്പെട്ടാൽ അനേക വർഷം കൊണ്ടു മാത്രമേ ഭൂമിയിൽ പതിക്കയുള്ളുവെന്ന് അറിയുമ്പോൾ നക്ഷത്രജാലങ്ങളെല്ലാം എത്രത്തോളം ഉയരത്തിൽ സ്ഥിതിചെയ്യുന്നു എന്ന് ഊഹിക്കുക. ഈ നക്ഷത്രഗോളങ്ങൾക്കെല്ലാം ഉയരെയാണ് സർവ്വശക്തനായ ദൈവത്തിന്റെ രാജധാനിയായ സ്വർഗ്ഗം സ്ഥിതിചെയ്യുന്നത്. ഉയരത്തിൽ എന്നതിനാൽ വടക്കുഭാഗത്ത് എന്നർത്ഥമാക്കുന്നു. ദൈവത്തിന്റെ നിവാസ സ്ഥാനത്തെക്കുറിച്ച് ‘ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ’ (യെശ. 14. 13) എന്നു എഴുതപ്പെട്ടിരിക്കുന്നു. 48 -ാം സങ്കീർത്തനത്തിൽ ‘മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരംകൊണ്ടു മനോഹരവും സർവഭൂമിയുടെയും ആനന്ദവുമാകുന്നു’ എന്നു കാണുന്നു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ സർവ്വശക്തന്റെ വാസസ്ഥാനം , അവന്റെ രാജധാനി ഉത്തരദിക്കിന്റെ അതിർത്തിയിൽ അഥവാ അത്യുന്നതങ്ങളിൽ എന്ന് ഇവയൊക്കെയും നമ്മോടു വിളിച്ചറിയിക്കുന്നു.

സ്വർഗ്ഗങ്ങൾ അനവധിയെന്നും, അവയെ മേഘമണ്ഡലം (ഒന്നാം സ്വർഗ്ഗം) നക്ഷത്രമണ്ഡലം (രണ്ടാം സ്വർഗ്ഗം), ദൈവാധിവാസസ്ഥാനമായ അത്യുന്നതന്റെ സ്വർഗ്ഗം (മൂന്നാം സ്വർഗ്ഗം) എന്നിങ്ങനെ തിരുവെഴുത്തു സ്പഷ്ടമാക്കിയിരിക്കുന്നു.

ദൈവത്തിന്റെ വാസസ്ഥാനമായ അത്യുന്നത സ്വർഗ്ഗത്തിലത്രേ സാക്ഷാത്തായ പറുദീസാ സ്ഥിതിചെയ്യുന്നത്. സ്വർഗ്ഗത്തിലെ മഹത്വങ്ങൾ അതിന്റെ തന്മയത്വത്തിൽ മനുഷ്യരായ നമുക്കു ഇപ്പോൾ വെളിപ്പെടുത്തപ്പെട്ടില്ല. ആ കൂട്ടത്തിൽ പറുദീസയുടെ മഹത്വവും നമുക്കു അറിയിക്കപ്പെട്ടിട്ടില്ല. അത് ‘ഉത്തരഗിരി’ (സങ്കീ. 48.2) എന്നും ‘സമാഗമപർവ്വതം’ (യെശ. 14. 13) എന്നും വിളിക്കപ്പെടുന്ന സീയോൻ പർവ്വതത്തിൽ ആണെന്നു തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നു. അതിന്റെ പ്രതിച്ഛായകളായ ഭൂമിയിലെ പറുദീസാകളിൽ കാണുംപ്രകാരം ജീവജലനദി, ജീവവൃക്ഷം, ആദിയായവ അവിടെ സ്ഥിതിചെയ്യുന്നുവെന്ന് വിശുദ്ധന്മാരുടെ ആത്മാക്കൾ ഇപ്പോൾ വിശ്രമിക്കുന്നത് അവിടെയെന്നും ദൈവവചനം വെളിപ്പെടുത്തിയിരിക്കുന്നു. ■

‘ENJOY RICH TASTE’



'RICH RUCHI TASTE'

The Best Always RUCHI Almonds, Besan, Basmati Rice, Cashews, Coconuts, Dals, Flours, Ghee, Jaggery, Cooking Oil, Peanuts, Parboiled, KeralaMatta, Jasmine, SonaMasuri; IdliRice, Mango Pulp, Raisins, Snacks, Sesame Seeds, Spices &Masalas of all kinds, Tea, Wheat, Frozen Foods, Fish and many more !!!

RETAILERS & RESTAURANTS FOR ALL YOUR GROCERY NEEDS CONTACT THE BIGGEST FOOD WHOLESALER IN DALLAS, TEXAS, USA.

Atlantic Food & Spices, Inc. Dallas, Texas 75247 (214)-634-8722
ruchi@ruchifood.com www.ruchifood.com

PREMIER INDIAN GROCERS & CATERING

Premier catering is the leading and outstanding catering service in Houston Metro area. Our chefs are well experienced in South Indian, North Indian and Chinese catering.
We are the only one Indian catering service in Houston which can undertake large party orders of thousands of orders. We have daily carry out specials and snacks available at store.

If you are planning a party or in need of carry out food, please visit our store.










Our Specialty

Fresh Produce
Fresh Halal Meat
Indian Grocery
Pakistan Grocery
Bangladesh Grocery
Caribbean Grocery
Convenient Location
Large Stock
More Choices
Different Brands





Premier Indian Grocers
12115 Shadow Creek Parkway
Pearland - TX - 77584
PH: 832-672-7171, 832-230-8119
Fax: 832-230-8269
Email: store@premiergrocers.com
www.premiergrocers.com

യു.എസ്. ട്രിബ്യൂൺ
എഡിറ്റോറിയൽ

## പുതിയ വർഷത്തിലേക്ക് കടക്കുമ്പോൾ അനുഭവം കൊണ്ട് നാം പഠിക്കണം

ലോകത്ത് അതിധനികനായ ഒരു മനുഷ്യൻ എല്ലാം നഷ്ടപ്പെട്ട് വൃദ്ധസദനത്തിൽകിടന്ന് മരിച്ച സംഭവം അടുത്ത സമയത്ത് പ്രധാനപ്പെട്ട ഒരു വാർത്ത ആയിരുന്നു. അതിസമ്പന്നരും രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, വ്യാപാര മേഖലകളിൽ പ്രമുഖരും കാലത്തിന്റെ യവനികയിലേക്ക് മറഞ്ഞു. അതിൽ വിരലിൽ എണ്ണാവുന്ന ചിലരുടെ പേരുകൾ മാത്രം വർഷത്തിലൊരിക്കലെങ്കിലും പിൻതലമുറ ഓർക്കുന്നുണ്ട്. എന്നാൽ വലിയൊരു ശതമാനം അവരുടെ നല്ല സമയത്ത് ഭൗതിക നന്മകൾക്കുവേണ്ടി ജീവിതം അനുഭവിക്കാതെ സമ്പാദ്യത്തിന്റെ പെരുപ്പം കണ്ട് മൺമറയുകയും ചെയ്തു.

2014 കടന്നുപോകുവാൻ ദിവസങ്ങൾ മാത്രമുള്ളപ്പോൾ നിരവധി ആളുകൾ 2015 ൽ ഇല്ലാ എന്നുള്ളത് ഉൾക്കൊള്ളുവാൻ കുടപ്പിറപ്പുകളും സമൂഹവും തയ്യാറായി കഴിഞ്ഞു. വേദപുസ്തകത്തിലെ സമ്പന്നനായ രാജാവായിരുന്നു ശലോമോൻ. സമ്പത്തും, സൗകര്യങ്ങളും, അറിവും, വെപ്പാട്ടിമാരും, എല്ലാ പ്രതാപങ്ങളും ഉണ്ടായിരുന്ന ശലോമോൻ കഴിഞ്ഞകാലജീവിതത്തെ നോക്കി ഇങ്ങനെ പറയുന്നു. ''എല്ലാം മായ, മായ''.

പണത്തിനും ജീവിതസൗകര്യങ്ങൾക്കും വേണ്ടി ന്യായമല്ലാത്ത എന്തു ചെയ്തും സ്വന്തസുഖത്തിനുവേണ്ടി സ്വരൂപിക്കുന്ന വലിയൊരുകൂട്ടം നമ്മുടെ മുമ്പിലുണ്ട്. ജീവിതം നൈമിഷികമാണെന്നും, അടുത്ത ദിവസം എന്തും സംഭവിക്കാമെന്നുമുള്ള ചിന്ത പലപ്പോഴും ഇവർ വിസ്മരിച്ചു പോകുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ പരാക്രമങ്ങൾ സഹജീവികളോടും സഹോദരങ്ങളോടും പ്രകടിപ്പിക്കുമ്പോൾ അവരറിയാതെ അതു തുടർന്നുകൊണ്ടേയിരിക്കുന്നു. മറ്റുള്ളവരെ ചതിച്ചും, മാനസികമായും, ശാരീരികമായും പിഢിപ്പിച്ച് സഹപ്രവർത്തകരുടെ നന്മകളെ തട്ടിക്കളഞ്ഞ് അവരുടെ അധികാരങ്ങൾ കൂട്ടുവാനും സ്വന്തം കുടുംബത്തെ ഉന്നതിയിലെത്തിക്കുവാനും ഉള്ള തത്രപ്പാടും കാലത്തിന്റെ അന്ത്യം എത്തിയപ്പോൾ അവരുടെ ജീവിതം ശൂന്യമായി എന്നൊരു തോന്നൽ അനുഭവപ്പെടുന്നു.

2014 ന്റെ അവസാനം സമ്പന്നവും അല്ലാത്തതുമായ രാജ്യങ്ങളെ ഭീതിയിലാഴ്ത്തിയ ഒന്നായിരുന്നു ''എബോള''. ആയിരക്കണക്കിന് മനുഷ്യജീവികളെ മതത്തിന്റെ പേരിൽ കൊന്നൊടുക്കിയ വർഷവുമാണ് 2014. ജീവനോടെ കഴുത്തറത്ത്, മൃതശരീരങ്ങളിൽ ചവുട്ടിനിന്നട്ടഹസിക്കുന്ന മതഭ്രാന്തന്മാരുടെ ഭ്രാന്തിന് അറുതി വന്നിട്ടില്ല. വർഷങ്ങൾകൊണ്ട് നേടിയെടുത്ത സമ്പാദ്യം, പ്രശസ്തി, അധികാരങ്ങൾ ഒരു ചെറിയ പനിയിലൂടെ നിമിഷങ്ങൾകൊണ്ടു ജീവിതം നഷ്ടപ്പെട്ടുപോകുമെന്ന ഭീതി മനുഷ്യനെ വല്ലാതെ അലട്ടിയ സമയമാണിത്. ബഹിരാകാശത്തേക്ക് വാഹനവ്യൂഹങ്ങളെ അയയ്ക്കുന്ന ശാസ്ത്ര ലോകം നമ്മുടെ മുമ്പിലുള്ളപ്പോൾ എബോള എന്ന വൈറൽ പനിക്ക് മരുന്നു കണ്ടെത്തുവാൻ വൈദ്യലോകത്തിന് ഇതുവരെ കഴിഞ്ഞില്ലാ എന്നുള്ളത് ഏറെ അതിശയിപ്പിക്കുന്നു. ''മനുഷ്യാ നീ ഇന്നു മരിച്ചാൽ നിന്റെ ഈ തേരോട്ടത്തിന്റെ പ്രസക്തിയെന്ത്''? അൽപ്പായുസ്സിന്റെ വലിപ്പമെന്തെന്നറിയാതെ സഹജീവികളുടെ കണ്ണുനീരു കണ്ടിട്ടും നമ്മുടെ സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി നാം യാത്ര ചെയ്യുകയാണോ? പരിഹാസികളെ, ദുഷ്ടന്മാരെ, പാപികളെ, പ്രതാപശാലികളെ ''ഒരു നിമിഷം നിങ്ങളുടെ ജീവിതത്തിലേക്കൊന്നു തിരിഞ്ഞുനോക്കിയാൽ നിങ്ങളാൽ വിതയ്ക്കപ്പെട്ട നാശത്തിന്റെ വിത്തുകൾ എത്രമാത്രം പാവപ്പെട്ടവരായ മനുഷ്യരുടെ ജീവിതം തുലച്ചിട്ടുണ്ട്''. നിങ്ങളുടെ ആയുസ്സ് കടം എടുത്തതാണന്നുള്ള ബോധ്യം മറക്കാതെ പാപകരമായ ജീവിതത്തിൽ നിന്ന് മനതിരിവിലൂടെ ഈ പുതിയ വർഷത്തിലേക്കു കണ്ണുനീരോടെ മടങ്ങിവരുവാൻ കഴിയുമോ? നശ്വരമായ ഈ ജീവിതത്തിൽ അനശ്വരമായ ഒന്നു കെട്ടിപ്പൊക്കുവാൻ ഈ പുതിയ വർഷത്തിലെങ്കിലും ഒരു തിരിഞ്ഞുനോട്ടം നടത്തുവാൻ കഴിയുമോ? ആയുസ്സും ആരോഗ്യവും നീട്ടിത്തന്ന സൃഷ്ടാവിനോട് ഒരു കടപ്പാട് നമുക്കുണ്ടോ? പാവങ്ങളെ പിന്തിരിയുന്ന പുതിയ തീരുമാനത്തിലേക്കു എത്തുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ !!!



*വർഗ്ഗീസ് മാത്യു*
*-പത്രാധിപർ*

മിഷനറി ജീവിതം

# സി.റ്റി സ്റ്റഡ്. ദൈവത്തിന്റെ ബാറ്റ്സ്മാൻ



സി. റ്റി. സ്റ്റഡിന്റെ പിതാവ് എഡ്വേർഡ് സ്റ്റഡ് ബ്രിട്ടീഷ് അധിനിവേശ ഇന്ത്യയിലെ അനവധി തേയിലതോട്ടങ്ങളുടെ ഉടമ ആയിരുന്നു. അതൊക്കെ വിറ്റ് ടെഡ്വർത്തിൽ താമസിക്കുമ്പോൾ ഡി.എൽ മൂഡിയുടെ പ്രസംഗം കേട്ട് രക്ഷിക്കപ്പെട്ടു. തന്റെ മക്കളായ ജോണും, ജോർജും, ചാൾസും യേശുക്രിസ്തുവിൽ ജീവിതം സമർപ്പിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അവർ മൂന്നുപേരും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. എന്നാൽ അധികം താമസിയാതെ ക്രിക്കറ്റിന്റെ മാസ്മരീക ആവേശത്തിൽ ക്രിസ്തുവിന്റെ കർതൃത്തിൽനിന്ന് വഴുതിപ്പോയിതുടങ്ങി. 1879 ൽ കോളേജീ ടീം ക്യാപ്റ്റനായി ചാൾസ് തിളങ്ങി. ഈ യുവാവ് ഇംഗ്ളണ്ടിന്റെ അഭിമാനമായി മാറുമെന്ന് ഇംഗ്ളീഷ് ദിനപ്പത്രം എഴു തി. ആസ്ത്രേലിയയുമായുള്ള മാച്ചിൽ വമ്പൻ വിജയം നേടി ഒരു മാന്ത്രികനായി മാറുക ആയിരുന്നു. 15 റൺസ് ഓസീസ് ടീമിനുമേൽ നേടി കേംബ്രിഡ്ജിനെ വിജയകിരീടമണിയിച്ചു . ഇംഗ്ളണ്ടിലെ ക്രിക്കറ്റ് പ്രേമികളുടെ ഹൃദയങ്ങളിൽ ചാൾസ് തോമസ്സ് സ്റ്റഡ് എന്ന സി.റ്റി സ്റ്റഡ് ഈ ചരിത്ര വിജയത്തിലൂടെ ക്രിക്കറ്റ് പ്രേമികളുടെ രാജകുമാരനായി മാറി ടീമിലേക്ക് തിരഞ്ഞെടുത്തു. പിന്നീട് പണത്തിനും പേരിനും, പ്രശസ്തിക്കും വേണ്ടി സ്റ്റഡ് പായുകയായിരുന്നു. ഈ സുഖലോലുപതയ്ക്കിടയിൽ കർത്താവിനെപൂർണ്ണമായും മറന്നു. 6 വർഷത്തിനുശേഷം ഈ ലോകമയത്വജീവിതത്തെക്കുറിച്ച് കുറ്റബോധം ഉണ്ടായി. അദ്ദേഹം പറഞ്ഞു. ''ദൈവമേ കഴിഞ്ഞ 6 വർഷം നിന്നിൽ നിന്ന് അകന്ന് പാ പത്തിന്റെ വഴികളിലൂടെ ജീവിച്ചു, ക്രിക്കറ്റിനെ സ്നേഹിച്ചു, ഇനിമുതൽ ഞാൻ എന്റെ പാപത്തെ ഏറ്റപറയു കയും എന്റെ ജീവിതത്തെ സംപൂർണ്ണമായി നിന്നിലേക്ക് സമർപ്പിക്കുന്നു''.

പിന്നീടുള്ള ദിവസങ്ങളിൽ ഡി.എൽ. മൂഡിയുടെ പ്രസംഗങ്ങൾ ശ്രവിക്കാനായി തന്റെ ക്രിക്കറ്റ് സുഹൃത്തുക്കളെ നിർബന്ധിച്ചതിനാൽ അവരിൽ പലരും കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു.

സിക്സറുകൾ അടിച്ചു ശക്തമായി വരുന്ന വിക്കറ്റുകൾ തെറിപ്പിക്കുമ്പോഴും കേട്ട കരഘോഷങ്ങളെക്കാൾ സ്റ്റഡിനെ പുളകിതനാക്കിയത് ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ കർത്താവ് തന്റെ ഹൃദയത്തിൽ മൊഴിയുന്ന നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന മന്ത്രണമായിരുന്നു.

പിന്നീട് സ്റ്റഡ് ചൈനയിലേക്ക് തന്റെ പ്രേഷിതപ്രവർത്തനം വ്യാപിപ്പിച്ചു. 1887 ൽ തനിക്ക് 25 വയസ്സായപ്പോൾ തന്റെ പിതാവ് കൊടുത്ത പിതൃസ്വത്ത് 29000 പൗണ്ട് ഉണ്ടായിരുന്നു. അതിൽ 5000 പൗണ്ട് ഡി. എൽ. മൂഡിക്ക് അയച്ചുകൊടുത്തു. ചിക്കാഗോയിൽ ബൈബിൾ ഇൻസ്റ്റിറ്റൂട്ട് ആരംഭിച്ചു. ജോർജ് മുള്ളറിന്റെ അനാഥശാലക്കും പ്രവർത്തനങ്ങൾക്കുമായി 10,000 പൗണ്ട് നൽകി. 6000 പൗണ്ട് ചൈന ഇൻലാന്റ് മിഷന്റെ പ്രവർത്തനങ്ങൾക്കായിട്ടും ബാക്കി 3000 പൗണ്ട് ഒരു പ്രത്യേക ആവശ്യത്തിനായും മാറ്റി വച്ചു. അങ്ങനെതനിക്കുള്ളതൊക്കെയുംസുവിശേഷപ്രവർത്തനങ്ങൾക്കായി വീതിച്ചു നൽകി താൻ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു.

പിന്നീട് തന്റെ ചൈനയിലെ പ്രവർത്തനങ്ങളിൽ ചേർന്നു പ്രവർത്തിച്ച പ്രിസ്കില്ലയെ വിവാഹം കഴിച്ച് 3000 പൗണ്ട് അവൾക്ക് സമ്മാനമായി നല്കി. എന്നാൽ അവളും ആ പണം ക്രിസ്തുവിനു സമർപ്പിച്ചുകൊണ്ട് സാൽവേഷൻ ആർമിയുടെ സുവിശേഷവേലക്കുവേണ്ടി നല്കി. അവരുടെ സുവിശേഷ പ്രവർത്തനം ചൈനയെ കേന്ദ്രമാക്കിയായിരുന്നു. അവിടെ വളരെയധികം കഷ്ടപ്പാടുകൾ സഹിച്ച് അവർ ദൈവത്തിനുവേണ്ടി ജീവിച്ചു. അവസാന നാളുകളിൽ രണ്ടുപേരും രോഗത്താൽ വലഞ്ഞു. തിരിച്ച് ഇംഗ്ളണ്ടിലേക്ക് പോയി.

ശാരീരികമായി അല്പം ആശ്വാസം ലഭിച്ചപ്പോൾ പിതാവിന്റെ സുഹൃത്തിന്റെ നിർദ്ദേശപ്രകാരം ഇന്ത്യയിലേക്ക് മിഷനറിപ്രവർത്തനവുമായി എത്തി. ഇതിനിടയിൽ 4 പെൺമക്കളെ നല്കി ദൈവം അനുഗ്രഹിച്ചു. അവരെ പൂർണ്ണമായും ദൈവത്തിനു സമർപ്പിക്കുവാനും സഭാശുശ്രൂഷകനെന്ന നിലയിൽ സ്നാനപ്പെടുത്തുവാനും അദ്ദേഹത്തിന് സാധിച്ചു.

> സിക്സറുകൾ അടിച്ചു ശക്തമായി വരുന്ന വിക്കറ്റുകൾ തെറിപ്പിക്കുമ്പോഴും കേട്ട കരഘോഷങ്ങളെക്കാൾ സ്റ്റഡിനെ പുളകിതനാക്കിയത് ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ കർത്താവ് തന്റെ ഹൃദയത്തിൽ മൊഴിയുന്ന നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന മന്ത്രണമായിരുന്നു.

സ്റ്റഡിന്റെ ജീവിതത്തിൽ ഭീതിപ്പെടുത്തുന്ന പ്രവർത്തന തന്ത്രങ്ങളും ഭീഷണികളും അനവധി നേരിടേണ്ടിവന്നുവെങ്കിലും ദൈവം തന്റെ ഓമന പുത്രനെ ഉള്ളംകരത്തിൽ വഹിക്കുക ആയിരുന്നു.

പിന്നീട് തിരിച്ച് ഇംഗ്ളണ്ടിൽ എത്തിയതിനുശേഷം നരഭോജികൾക്ക് മിഷനറിമാരെ ആവശ്യമുണ്ട് എന്ന പരസ്യം കാണുവാൻ ഇടയായി.അതുവഴി ദൈവത്തിന്റെ പരിശുദ്ധാത്മാവ് അദ്ദേഹത്തെ ആഫ്രിക്കയിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള ഒരു വഴി തുറക്കുക ആയിരുന്നു. അവിടെ അദ്ദേഹത്തിന്റെ ജീവനും പോലും ഭീഷണിയാകും എന്ന മുന്നറിയിപ്പാണ് അദ്ദേഹത്തിന് ലഭിക്കുക ഉണ്ടായത്. പക്ഷേ ദൈവം എപ്പോഴും എനിക്കുവേണ്ടി ആഫ്രിക്കയിലേക്കു പോവുക എന്ന് മന്ത്രിച്ചുകൊണ്ടിരുന്നു അങ്ങനെ ഭാര്യയേയും മക്കളേയും വിട്ട് ഇംഗ്ളണ്ടിൽ നിന്ന് നേരെ ആഫ്രിക്ക യിലേക്ക് കപ്പൽ കയറി. ആ കപ്പൽ യാത്രയിൽ ദൈവം തനിക്കു നൽകിയ വാഗ്ദത്തം ഇതായിരുന്നു. നിന്റെ ഈ യാത്ര ആഫ്രിക്കക്കുവേണ്ടി മാത്രമുള്ളതല്ല സുവിശേഷം എത്താത്ത ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വേണ്ടിയുള്ളതാണ്. അതിന്റെ തുടക്കമായിരുന്നു വേൾഡ് വൈഡ് ഇവാഞ്ചലൈസേഷൻ ക്രുസേഡ്.

ബെൽജിയൻ കോംഗോയിലെ ആളുകൾ നിന്നെ കൊലപ്പെടുത്തും എന്ന പരിചയസമ്പന്നരുടെ വാക്കുകൾക്ക് സ്റ്റഡിന്റെ മറുപടി ഇതായിരുന്നു. ഞാൻ അതും ക്രിസ്തുവിനുവേണ്ടി അനുഭവിക്കുവാൻ തയ്യാറാണ് എന്നതായിരുന്നു. ഒരിക്കൽ പ്രിസ്കില്ലക്ക് എഴുതി. ഇവിടുത്തെ പ്രവർത്തനം അത്ഭുതകരമാണ്. എല്ലാത്തിലും ദൈവത്തിന്റെ കരസ്പർശം ഇവിടെ കാണുന്നു. ഇന്ന് രക്ഷിക്കപ്പെട്ട 100 കണക്കിനാളുകൾ ദൈവത്തെ ആരാധിക്കുന്നു. സുവിശേഷത്തിന്റെ വാതിലുകൾ എല്ലായിടവും തുറക്കപ്പെടുന്നു.

1928 ൽ പ്രിസ്കില്ല സ്റ്റഡിന്റെ കുടിലിൽ ഇബാംബിയിലെത്തി. 13 വർഷത്തിനിടയിൽ കിട്ടിയ ദിവസങ്ങൾ ആയിരുന്നു അത്. രണ്ടാഴ്ചയ്ക്കുശേഷം ആ ദമ്പതികൾ പരസ്പരം പ്രാർത്ഥിച്ച് ജീവിതത്തിൽ അവസാനമായി വേർപിരിഞ്ഞു. വിവാഹദിവസം അവർ പരസ്പരം എടുത്ത തീരുമാനം കർത്താവിനെ സ്നേഹിക്കുന്നതിൽ ഞങ്ങൾ അന്യോന്യം തടസ്സം നിൽക്കുകയില്ല എന്നത് അന്ത്യത്തോളം കാക്കാൻ അവർ ശ്രദ്ധിച്ചിരുന്നു.

1930 ൽ ബെൽജിയൻ രാജാവ് സ്റ്റഡിന്റെ കോംഗോയിലെ ത്യാഗപൂർണ്ണായ മിഷനറി പ്രവർത്തനങ്ങളെ മാനിച്ചുകൊണ്ട് ഷെവലിയർ ഓഫ് ദി റോയൽ ഓർഡർ ഓഫ് ദി ലയൺ എന്ന ബഹുമതി നൽകി ആദരിച്ചു.

1931 ജൂലായ് 16 -ാം തീയതി സ്റ്റഡ് തീർത്തും അവശനായി. രാത്രി 10-30 ആയപ്പോഴേക്കും അവസാനമായി ഹല്ലേലൂയാ ദൈവത്തിനു മഹത്വം എന്നു പറഞ്ഞ് ദൈവത്തിന്റെ ഇന്നിംഗ്സ് തികച്ചു. ആ വിശ്വാസവീരനെ ദൈവം സ്വർഗ്ഗ കവാടങ്ങൾ തുറന്ന് തന്റെ മാറിൽ ചേർക്കുക ആയിരുന്നു.

ദൈവസ്നേഹവും സ്വർഗ്ഗിയസ്നേഹവും ലോകസ്നേഹിയായ ഒരു വ്യക്തിയിൽ എത്രത്തോളം മാറ്റം വരുത്താം എന്നതിന് ചാൾസ് തോമസ് സ്റ്റഡ് ഒരു മാതൃകയാണ്. പ്രശസ്തിയുടേയും സമ്പന്നതയുടേയും മടിത്തട്ടിൽ ജീവിക്കാമായിരുന്ന സ്റ്റഡ് തന്നെ സ്നേഹിച്ച ദൈവത്തെ മുഖാമുഖം ദർശിച്ചപ്പോൾ അനശ്വരമായ നിത്യതക്കുവേണ്ടി ലോകത്തെ പാടെ ഉപേക്ഷിച്ച് സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുവാനായിത്തീർന്നു.

തന്റെ ആത്മീകജീവിതത്തിന്റെ മഹത്വകരമായ പ്രകടനം കാഴ്ചവച്ച് ശുശ്രൂഷയുടെ ബാറ്റ് നമ്മുടെ കരങ്ങളിൽ ഏല്പിച്ചിട്ട് മഹത്വത്തിലേക്ക് യാത്രയായിട്ട് 80-ൽ പരം വർഷമായിരിക്കുന്നു. തന്നിൽത്തന്നെ പ്രചോദനം ഉൾക്കൊണ്ട് അനേകം മിഷനറിമാർ ലോകത്തിന്റെ ആത്മീക അന്ധകാരപ്രദേശങ്ങളിലേക്ക് സുവിശേഷവുമായി യാത്രയായി. എങ്കിലും ടെഡ്വർത്തിലെ കൊട്ടാരത്തിൽ ജനിച്ച് ആഫ്രിക്കയിലെ കുടിലിൽ മരിച്ച് ആഫ്രിക്കൻ നരഭോജികളുടെ ഹൃദയത്തിൽ രാജാവായി വാണ സ്റ്റഡിനോളം ലോകചരിത്രത്തെ ക്രിസ്തുസ്നേഹത്താൽ മുറുക്കികെട്ടിയ ത്യാഗിയായ ദൈവഹൃദയമുള്ളവൻ മറ്റാരും ഉണ്ടായിട്ടില്ല.

ഒരോയൊരു ജീവിതം അത് വേഗം തീർന്നുപോകും. ക്രിസ്തുവിനുവേണ്ടി ചെയ്യുന്നതുമാത്രം നിലനില്ക്കും എന്ന സ്റ്റഡിന്റെ വാക്കുകൾ നമ്മുടെ ജീവിതത്തിൽ അളവുകോലായി തീർന്നിരുന്നെങ്കിൽ എന്ന് ആശംസിക്കുന്നു. ■











# ബൈബിൾ സ്റ്റഡി

**ഈ ലോകത്തിന്റെ ചിന്തകൾക്ക് അധീനരാകാതെ, നമ്മുടെ ചുറ്റുപാടും കാണുന്ന സ്കൂൾ ജീവിതങ്ങളിൽ കാണുന്ന തെറ്റായ ജീവിതരീതികൾക്ക്, ചിന്തകൾക്ക് അധീനരാകാതെ ക്രിസ്തുയേശുവിനാൽ വിളിക്കപ്പെട്ട വിളിക്ക് യോഗ്യമായ ജീവിതം നയിക്കുക അത്രേ വേണ്ടത്.**

# ക്രിസ്തുവിന്റെ സൗമ്യത

(ഫിലിപ്യർ 2. 5–11)



വി. പൌലൊസ് യൂറോപ്പിൽ സ്ഥാപിച്ച ഒന്നാമത്തെ സഭയാണ് ഫിലിപ്യ സഭ. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവ് ഫിലിപ്പ് പണിയിച്ച പട്ടണം അദ്ദേഹത്തിന്റെ നാമത്തിൽ അറിയപ്പെടുന്നു. ഫിലിപ്യ സഭയുടെ വളർച്ചക്കാവശ്യമായ നിർദ്ദേശങ്ങൾ ഈ ലേഖനത്തിലൂടെ പൌലൊസ് നൽകുന്നു. യേശുക്രിസ്തുവിന്റെ പ്രവർത്തനത്തെപ്പറ്റി ഇനിയും മനോഹരമായ വിധത്തിൽ പ്രസ്താവിക്കുന്ന മറ്റ് വേദഭാഗങ്ങൾ അധികം ഇല്ല തന്നെ. പൌലൊസ് കാരാഗ്രഹത്തിൽ അയിരിക്കുമ്പോഴും വേലതുടരുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ അംഗീകരിക്കുന്ന ഒരു വേദഭാഗമത്രേ ഇത്.

ഈ ലോകത്തിന്റെ ചിന്തകൾക്ക് അധീനരാകാതെ, നമ്മുടെ ചുറ്റുപാടും കാണുന്ന സ്കൂൾ ജീവിതങ്ങളിൽ കാണുന്ന തെറ്റായ ജീവിതരീതികൾക്ക്, ചിന്തകൾക്ക് അധീനരാകാതെ ക്രിസ്തുയേശുവിനാൽ വിളിക്കപ്പെട്ട വിളിക്ക് യോഗ്യമായ ജീവിതം നയിക്കുക അത്രേ വേണ്ടത്. ഇങ്ങനെ വി. പൌലൊസ് ഓർപ്പിക്കുന്നത് നാം മറ്റുള്ളവരെ കരുതുന്നവരും, കൂട്ടായ്മ നൽകുന്നവരും, ഐക്യവും, സൗമ്യതയും പുലർത്തുന്നവരും ആയിരിക്കേണം. അതിൽ കൂടി ആണ് യേശു തന്റെ പിതാവിനെ സകലത്തിലും അനുസരണയുള്ളവനായിരുന്ന് പിതാവിന്റെ ഇഷ്ടം അതേപടി നിറവേറിയത്.

നമ്മുടെ യേശുകർത്താവ് നമ്മോട് പറക തന്നെയല്ല, തന്റെ ജീവിത്തിൽ കാട്ടിത്തരികയും ചെയ്തു. താൻ തന്റെ ജഡീകമാതാപിതാക്കൾക്ക് പൂർണ്ണ അനുസരണം ഉള്ളവനായി കീഴ് അടങ്ങിയിരുന്നു എന്ന് വി. ലൂക്കോസ് 2.51 ൽ വായിക്കുന്നു. അതുപോലെ നാമും, നമ്മുടെ അമ്മയപ്പൻമാരെ അനുസരിച്ച്, താഴ്മ ഉള്ളവരായി അവർക്ക് കീഴ് അടങ്ങി ജീവിക്കേണ്ടതാണ്. യേശു അതുപോലെ ജ്ഞാനത്തിൽ വളർന്നുവോ, അതുപോലെ മറ്റുള്ളവരിൽ നിന്നും പഠിക്കുന്നതിനും, നല്ല ജീവിതത്തിന്റെ ഉടമകളായി നല്ല സാക്ഷ്യം ലഭിച്ചവരായി തീരുകയും ചെയ്യേണം എന്നത്രേ അപ്പോസ്തോലൻ ആവശ്യപ്പെടുന്നത്.

ഇപ്രകാരമുള്ള ഒരു ജീവിതത്തിന്റെ ഉടമകളായിതീരുമ്പോൾ വെറുതെയായി എന്നല്ല, പ്രതിഫലം നൽകുന്ന ഒരു ദൈവം ആണു നമുക്ക് ഉള്ളത് എന്ന് 9–ാം വാക്യം നമ്മെ ഓർപ്പിക്കുന്നു. ദൈവം നമ്മെ ഉയർത്തും എന്ന് തന്നെയല്ല സകലത്തിലും മേലായി നമ്മെ ഉയർത്തുകയും, സകല നാമത്തിനും മേലായനാമം നൽകി നമ്മെ ആദരിക്കുകയും ചെയ്യുന്ന ദൈവമാണ് നമുക്ക് ഉള്ളത്. നമ്മുടെ ജീവിതത്തിൽ സംശയത്തിന് കാരണം വേണ്ട. നമ്മുടെ കർത്താവിന്റെ വാഗ്ദത്തങ്ങൾ അത്രേ ഇത്. ആ ദൈവം വാക്കു മാറാത്തവനാണ്. വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ഒരു ദൈവമാണ് നമുക്കുള്ളത്. ആ ദൈവവുമായിട്ടാകുന്നു നമുക്ക് കൂട്ടായ്മ ഉള്ളത്. ആ ദൈവീക കൂട്ടായ്മയിൽ വളരുവാനും ആ ദൈവത്തെ വണങ്ങി നമസ്ക്കരിക്ക മാത്രമല്ല, സ്വർലോകരും ഭൂലോകരും, അധോലോകരും എല്ലാം തന്നെ യേശുകർത്താവിന്റെ മുമ്പിൽ വണങ്ങി, യേശു ദൈവമാകുന്ന കർത്താവാകുന്നു എന്ന് പൂർണ്ണമായി വിശ്വസിച്ച് ഏറ്റുപറവാൻ തക്കവണ്ണം നമ്മെ ഭരമേൽപിച്ചിരുന്ന താലന്തുകൾക്ക് ഒത്തവണ്ണം പ്രവർത്തിക്കാം.

ഇപ്രകാരം ഏറ്റുപറയേണ്ട നാളുകൾ അടുത്തിരിക്കയാൽ നമുക്ക് നമ്മെ തന്നെ ഒരുക്കാം. നമ്മുടെ യേശുകർത്താവിന്റെ നല്ല സാക്ഷ്യം ലഭിച്ച് അതിന്റെ ഉടമകൾ ആയിത്തീരുവാനും നമ്മെ തന്നെ ഒരുക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

കർത്താവ് അങ്ങയുടെ പ്രതികരണം ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും പ്രതിഫലിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ എന്ന് നമുക്കു പ്രാർത്ഥിക്കാം. ■




## ഫാമിലി കോൺഫറൻസ് 2015

ഡാലസ്: സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഫാമിലി യൂത്ത് കോൺഫറൻസ് 2015 ഡയറക്ടർ ആയി റവ. ഫാ. മാറ്റ് അലക്സാണ്ടർ, സെക്രട്ടറി എൽസൺ സാമുവേൽ, ട്രസ്റ്റി ലിജീത്ത് മാത്യു എന്നിവരെ നിയമിച്ചു. 2015 ജൂലായ് 8 മുതൽ 11 വരെയാണ് കോൺഫറൻസ് നടക്കുന്നത്. കോൺഗ്രസിന്റെ വിജയത്തിനായി വിപുലമായ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

## മലങ്കര കത്തോലിക്കാ കൺവൻഷൻ 2015 ഓഗസ്റ്റിൽ

വാഷിംഗ്ടൺ : ഒമ്പതാമത് മലങ്കര കത്തോലിക്കാ കൺവെൻഷൻ 2015 ഓഗസ്റ്റിൽ വെർജീനിയയിലെ വിസ്ബർഗിലെ നാഷണൽ കോൺഫറൻസ് സെന്ററിൽ വച്ചായിരിക്കും നടക്കുക. മലങ്കര കത്തോലിക്കാ സഭയുടെ അമേരിക്കയിലെ പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുവാനും പ്രശോഭിപ്പിക്കുവാനും ഈ കൺവൻഷന് സാധിക്കുമെന്ന് കിക്ക്ഓഫ് കർമ്മം നിർവഹിച്ചുകൊണ്ട് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അറിയിച്ചു.

## എക്യുമെനിക്കൽ ക്രിസ്തുമസ്സ് ആഘോഷം

ഷിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരളാ ചർച്ചസ് ഇൻ ഷിക്കാഗോയുടെ ക്രിസ്തുമസ്സ് ആഘോഷം ഡിസംബർ ആറിന് ശനിയാഴ്ച വൈകിട്ട് 5 മണിക്ക് മെയിൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടും. ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാ ബിഷപ്പ് അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യാതിഥിയായി സന്ദേശം നൽകുകയും ചെയ്യും. എക്യുമെനിക്കൽ കൗൺസിൽ പ്രസിഡന്റും സീറോ മലബാർ സഭയുടെ സഹായ മെത്രാനുമായ മാർ ജോയി ആലപ്പാട്ട് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും. വിവിധ ഇടവകകളിൽ നിന്നുമുള്ള ബഹുമാനപ്പെട്ട വൈദീകർ പ്രെയർ സർവീസിന് നേതൃത്വം നൽകും. ഭക്തിനിർഭരമായ ഘോഷയാത്ര, ആരാധന, പൊതുസമ്മേളനം, കരോൾ ഗാനങ്ങൾ, കാൺസിൽ അംഗങ്ങളായ 16 പള്ളികൾ അവതരിപ്പിക്കുന്ന വർണ്ണാഭമായ മറ്റു പരിപാടികളും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് എപ്പിസ്കോപ്പ സ്കറിയാ തെലാപ്പള്ളിൽ ഫോൺ നമ്പർ- 224 217 7846, 847 477 0564, 773771 1423 തുടങ്ങിയ നമ്പരുകളിൽ വിളിക്കുക.

## ഷിക്കാഗോ സെന്റ് മേരീസിൽ ക്രിസ്തുമസ് കരോൾ

ഷിക്കാഗോ: സെന്റ് മേരീസ് ക്നാനായ കാതോലിക് ഇടവകയിൽ ക്രിസ്തുമസ് കരോളിന് തുടക്കം കുറിച്ചു. ഉണ്ണിയേശുവിനെ വരവേൽക്കാനായി ക്രിസ്തുമസ് ഗാനങ്ങളുടെ അകമ്പടിയോടെ ക്രിസ്തുമസ് പപ്പയുമായി ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും, ക്രിസ്തുമസ് സന്ദേശം കൈമാറുക എന്ന ദൗത്യവുമായി കരോൾ കമ്മറ്റി ഒരുങ്ങി. വികാരി ഫാ. തോമസ് മുളവനാൽ ഭാരവാഹികൾക്ക് രൂപം വെഞ്ചരിച്ചു നൽകി.

## സംയുക്ത ക്രിസ്തുമസ് ആഘോഷം

ന്യുയോർക്ക്: ബ്രോങ്ക്സ്, വെസ്റ്റ് ചെസ്റ്റർ തുടങ്ങിയ ഓർത്തഡോക്സ് പള്ളികളുടെ നേതൃത്വത്തിൽ നടത്തുന്ന സംയുക്ത ക്രിസ്മസ് ആഘോഷം ഡിസംബർ 28 ഞായറാഴ്ച വൈകിട്ട് 4ന് യോങ്കേഴ്സ് സോൺഡേഴ്സ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തുന്നു. സെന്റ് മേരീസ് ചർച്ച് ബ്രോങ്ക്സ്, സെന്റ് മേരീസ് ചർച്ച് വൈറ്റ് പ്ലെയിൻസ്, സെന്റ് ഗ്രീഗോറിയോസ് ചർച്ച് പാർക്ക്ഹിൽ, സെന്റ് ഗ്രീഗോറിയോസ് ചർച്ച് ലൂഡ്ലോ, സെന്റ് ഗ്രീഗോറിയോസ് ചർച്ച് അണ്ടർഹിൽ, സെന്റ് ജോർജ് ചർച്ച് പോർട്ട് ചെസ്റ്റർ, സെന്റ് തോമസ് ചർച്ച് യോങ്കേഴ്സ് എന്നീ പള്ളികളുടെ ആഭിമുഖ്യത്തിലാണ് ആഘോഷ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

വർണ്ണശബളമായ വിവിധ പരിപാടികൾ എല്ലാ പള്ളികളിൽ നിന്നും നടത്തപ്പെടും. മാർത്തോമ്മ സഭയുടെ നോർത്ത് ഈസ്റ്റ് റീജിയൻ യൂത്ത് ചാപ്ലെയിൻ ഫാ. വി.എം. മാത്യു ക്രിസ്മസ് സന്ദേശം നൽകും. ഈ വർഷത്തെ ആഘോഷം കൂടുതൽ ഭംഗിയാക്കുവാനായി വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംയുക്ത കമ്മിറ്റിയുടെ പ്രസിഡന്റായി ഫാ. ഫിലിപ്പ് സി ഏബ്രഹാം, വൈസ് പ്രസിഡന്റ് ഫാ. ദിലീപ് ചെറിയാൻ തുടങ്ങിയവർ നേതൃത്വം നൽകും.









# ദൈവസാന്നിദ്ധ്യം

**തോമസ് ജോർജ്**

ദൈവസാന്നിദ്ധ്യത്തിന്റെ മനോഹാരിതയിൽ ദൈവത്തോടൊപ്പം വസിക്കാനുള്ള ഒരു ചിത്രമാണ് തെളിഞ്ഞുകാണുന്നത്. ആദാമിനും ഹവ്വാക്കുമൊപ്പം ഏദെൻ തോട്ടത്തിൽ സഞ്ചരിച്ച ദൈവം ഹാനോക്കിന് നല്ലൊരു സഹയാത്രികനായിരുന്നു. മോശയുടെ സമാഗനകൂടാരം നിർമ്മിക്കുവാൻ ആവശ്യപ്പെടുന്നതിന്റെ പ്രധാന ഉദ്ദേശ്യം തന്നെ മനുഷ്യരോടൊപ്പം ദൈവത്തിന് സദാ വസിക്കുവാനാണ്. ജനമൊക്കെയും ദൈവത്തിന്റെ സാന്നിദ്ധ്യത്തെ ഭയപ്പെട്ടപ്പോൾ (എബ്രായർ 12.21) മോശയ്ക്ക് ദൈവസാന്നിദ്ധ്യമല്ലാത്ത അവസ്ഥയെപ്പ്റ്റി ചിന്തിക്കാനാവില്ല.

> ഹൃദയവാതിൽക്കൽ സദാ മുട്ടിക്കൊണ്ടു നിൽക്കുന്ന കർത്താവ് മാന്യതയുടെ പ്രതീകമാണ്. അനുവാദമില്ലാതെ തള്ളിക്കയറുന്ന സ്വഭാവം അല്ല പിന്നെയോ അറുക്കുവാനും, മുടിക്കുവാനും കയറിവരുന്ന സാത്താന്റെ ശൈലിയാണ്. "മുട്ടുന്നു" എന്ന വാക്ക് ഇടതടവില്ലാതെ തുടരുന്ന പ്രക്രിയയെയാണ് കുറിക്കുന്നത്.

പഴയനിയമത്തിന്റെ പല ഭാഗങ്ങളിൽ ദൈവത്തിന്റെ ശ്രേഷ്ഠ സാന്നിദ്ധ്യം അനുഭവിപ്പാൻ ഭാഗ്യം ലഭിച്ച അനേകം ഭക്തൻമാരുടെ ചരിത്രം കാണാനാവും. ''നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ'' (സങ്കീർത്തനം) എന്ന് ഹൃദയം തകർന്ന ദാവീദ് നിലവിളിക്കുന്നത് വളരെ ശ്രദ്ധേയമാണ്. അനേക രാജാക്കന്മാരും പ്രവാചകൻമാരും കാണുവാൻ കൊതിച്ച ദൈവപുത്രനായ ക്രിസ്തു)ലൂക്കോസ് 10.24) മനുഷ്യനായി കാരണം അവൻ ''ദൈവം നമ്മോടുകൂടെ'' എന്നർത്ഥമുള്ള ഇമ്മാനു വേലാണ് ! (മത്തായി 1.22) ''വചനം ജഡമായിത്തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു''. (യോഹന്നാൻ 1.14) യേശു തന്റെ ശിഷ്യൻമാരെ വിളിക്കുന്നത് സ്നേഹിതൻമാരെന്നാണ് (യോഹന്നാൻ 15.15)

മനുഷ്യരോടൊപ്പം അവരിലൊരാളായി ജീവിക്കാനാഗ്രഹിക്കുന്ന ദൈവത്തിന്റെ മഹാമനസ്കത മനുഷ്യാവതാരത്തിലൂടെ ഒരളവുവരെ ദൈവം പ്രകടിപ്പിക്കുന്നത്. എന്നാൽ പാപത്തിൽ വസിക്കുന്ന മനുഷ്യന് ദൈവസാന്നിദ്ധ്യം അരോചകവും ഭയം ജനിപ്പിക്കുന്നതുമാണ്. പാപപ്രവർത്തനത്തിൽ മുഴുകി ജീവിക്കുന്ന ഒരു മകൻ നീതിമാനായ പിതാവിന്റെ സാന്നിദ്ധ്യത്തെ ഭയപ്പെടുന്നതുപോലെ. അതുകൊണ്ടാണ് യെശയ്യാ പ്രവാചകനിലൂടെ ദൈവം ഓർമ്മിപ്പിക്കുന്നത്. ''നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്'' (യെശ.59.2.)

ഹൃദയവാതിൽക്കൽ സദാ മുട്ടിക്കൊണ്ടു നിൽക്കുന്ന കർത്താവ് മാന്യതയുടെ പ്രതീകമാണ്. അനുവാദമില്ലാതെ തള്ളിക്കയറുന്ന സ്വഭാവം അല്ല പിന്നെയോ അറുക്കുവാനും, മുടിക്കുവാനും കയറിവരുന്ന സാത്താന്റെ ശൈലിയാണ്. ''മുട്ടുന്നു'' എന്ന വാക്ക് ഇടതടവില്ലാതെ തുടരുന്ന പ്രക്രിയയെയാണ് കുറിക്കുന്നത്. തുറക്കുന്നതുവരെയും ക്ഷമയോടെ മുട്ടിക്കൊണ്ടിരിക്കുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്. അത് തുറന്ന് അകത്തേയ്ക്ക് ക്ഷണിക്കാൻ ആരെങ്കിലും തയ്യാറായാൽ അവരുമായി ''അത്താഴം'' കഴിക്കുമെന്നാണ് ക്രിസ്തു അരുളിച്ചെയ്യുന്നത്. കർത്താവ് വാതിൽക്കൽ നിന്ന് മുട്ടിക്കൊണ്ടിരിക്കുന്നത് സന്ദർശിച്ച് വേഗം മടങ്ങിപ്പോകാനല്ല, മറിച്ച് നമ്മോടൊപ്പം സ്ഥിരതാമസമാക്കാനാണ്.

ചെറുതും വലുതുമായ ഭാരങ്ങൾ ഇറക്കിവയ്ക്കാൻ, സങ്കടങ്ങൾ പറയാൻ, ഹൃദയം തുറന്ന് അൽപം സല്ലപിയ്ക്കാനായി നാം എത്രയോ തവണ കൊതിച്ചിട്ടുണ്ടാകണം. മുൻവിധികളില്ലാത്ത നമ്മെ നമസ്സിലാക്കാൻ ഉത്തരം നൽകാൻ തയ്യാറുള്ള ക്രിസ്തുവിനെ അവഗണിച്ച് എത്ര കാലങ്ങൾ നാം വ്യർത്ഥമാക്കി. സർവേശ്വരന്റെ സാമീപ്യ ലഹരിയിൽ സർവ്വം മറന്നിരിക്കാൻ കഴിയുന്നത് എത്ര ഭാഗ്യമാണ്. യോഹന്നാനിലൂടെ ക്രിസ്തു ലോകത്തിന് നൽകിയ വെളിപ്പാടിൽ നിത്യതയെപ്പറ്റി പ്രദിപാതിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ''ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടി ഇരിക്കും''. വെളിപ്പാട് 21.3).

ലോകം അഘോഷങ്ങളുടെ നിരർത്ഥകതയിൽ അഭിരമിക്കുമ്പോൾ ക്രിസ്തു സാന്നിദ്ധ്യത്തിന്റെ നിറ സൗരഭ്യത്തിൽ നമുക്ക് മറഞ്ഞിരിക്കാം.



# Global Christian Council

## അന്തർദ്ദേശീയ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു.



ലണ്ടൻ: ഗ്ലോബൽ ക്രിസ്ത്യൻ കൗൺസിൽ അന്തർദ്ദേശീയ അവാർഡുകൾക്കു വേണ്ടി അമേരിക്ക, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ഇന്ത്യ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ക്രൈസ്തവ മേഖലയിൽ സമൂഹത്തിനുവേണ്ടി സംഭാവന നൽകിയിട്ടുള്ള വ്യക്തികളെയാണ് അവാർഡിനായി തിരഞ്ഞെടുക്കുന്നത്. ആഗോളതലത്തിൽ ക്രൈസ്തവ സമൂഹത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനമാണ് ഗ്ലോബൽ ക്രിസ്ത്യൻ കൗൺസിൽ. വിവിധ രാജ്യങ്ങളിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾക്കെതിരെയും അവകാശ ധ്വംസനത്തിനെതിരെയും ജി.സി.സി. നിലകൊള്ളുന്നു. വിദേശ സഭകളും ഇന്ത്യൻ ക്രൈസ്തവസഭകളും അംഗങ്ങളായിട്ടുള്ള സമിതിയിൽ സഭാവ്യത്യാസമില്ലാതെ എപ്പിസ്കോപ്പൽ പ്രൊട്ടസ്റ്റന്റ് സഭകളും അംഗങ്ങളാണ്. ബിസിനസ്, സാമ്പത്തികം, ശാസ്ത്രം, വിദ്യാഭ്യാസം, മിഷൻ, മീഡിയാ, സോഷ്യൽ വർക്ക് എന്നീ വിഭാഗങ്ങളിലാണ് അവാർഡിനുവേണ്ടി പരിഗണിക്കുന്നത്.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള കർദ്ദിനാളന്മാർ, ബിഷപ്പുമാർ, സാമൂഹിക, സാമ്പത്തിക മേഖലകളിലെ പ്രഗത്ഭർ എന്നിവർ അടങ്ങിയതാണ് ജൂറി. ഗ്ലോബൽ കൗൺസിൽ ഓഫീസുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ അപേക്ഷകൾ സമർപ്പിക്കാൻ പാടില്ല. കൂടുതൽ വിവരങ്ങളും അപേക്ഷാ ഫോമും ഗ്ലോബൽ ക്രിസ്ത്യൻ കൗൺസിലിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: Global Christian Council. Life Change International, P.B. No. 521020, Philadelphia - Cell: 215 544 1233.


## യുഎസ് ട്രിബ്യൂൺ
### അമേരിക്കയിലെ പുതിയ തലമുറയ്ക്ക്.

**മാതാപിതാക്കളുടെ ശ്രദ്ധക്ക്**

യു.എസ്.ട്രിബ്യൂൺ ഏതെങ്കിലും സഭയുടെയോ വ്യക്തിയുടെയോ പ്രസിദ്ധീകരണമല്ല. എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളുടെയും എല്ലാവിധ അനുഗ്രഹത്തോടും, അനുവാദത്തോടും, പ്രോത്സാഹനത്തോടും കൂടിയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. പുതിയ തലമുറകളെ പിതാക്കന്മാർക്കും സഭയ്ക്കും ലഭിച്ച ആത്മീയ പൈതൃകമനുസരിച്ച് ക്രിസ്തുവിൽ നിലനിറുത്തുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. ഏതെങ്കിലും സഭകളെ വിമർശിക്കുകയെ വിശ്വാസപ്രമാണങ്ങളിൽ കൈകടത്തുകയോ ചെയ്യുന്ന ലേഖനങ്ങളോ വാർത്തകളെ ഇതിൽ പ്രസിദ്ധീകരിക്കുന്നതല്ല. ഈ ശുശ്രൂഷയെ പ്രാർത്ഥനയുടെ കരങ്ങളിൽ വെയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

ചീഫ് ഓപ്പറേഷൻ ഡയറക്ടർ
വർഗീസ് മാത്യു






## എക്യുമെനിക്കൽ ക്രിസ്ത്യൻ പ്രെയർ ഫെല്ലോഷിപ്പ്

എക്യുമെനിക്കൽ ക്രിസ്ത്യൻ പ്രെയർ ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ എല്ലാ ശനിയാഴ്ചയും 6-30 മുതൽ 8-30 വരെ ആരാധനാശുശ്രൂഷയും പ്രത്യേക പ്രാർത്ഥനയും സഭാവ്യത്യാസമില്ലാതെ വിവിധ ക്രിസ്തീയ സഭാംഗങ്ങൾ ചേർന്നുള്ള കൂട്ടായ്മ.

വചനധ്യാനവും പഠനവും, കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ്, കുട്ടികൾക്കുവേണ്ടിയുള്ള കൗൺസിലിംഗ്, രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന, യേശു സൗഖ്യമാക്കിയ കുടുംബങ്ങളുടേയും വ്യക്തികളുടേയും ആനുഭവസാക്ഷ്യങ്ങൾ, മലയാളത്തിൽ മുതിർന്നവർക്കും, ഇംഗ്ളീഷിൽ കുട്ടികൾക്കും വേണ്ടി പ്രത്യേക ആരാധന.

വിവിധ സഭാ മേലദ്ധ്യക്ഷന്മാർ നേതൃത്വം നൽകുന്നു.

Address: 2001, W PIONEER PKY, Grand Prairie, Tx. 75051, Phone: 215 882 2385







പാസ്റ്റർ വന്ന് ജോയെ ആശുപത്രിയിലാക്കി ചികിത്സിപ്പിച്ച് ജോ സുഖം പ്രാപിക്കുകയും ആത്മഹത്യയിൽനിന്ന് പിന്മാറുകയും ചെയ്തു. പള്ളിയിലെ ടെലിഫോൺ നമ്പർ എഴുതികൊടുത്ത ആൾ ആരാകുന്നുവെന്ന് ആർക്കും അറിഞ്ഞുകൂടാ.

# മരണത്തെ തട്ടിമാറ്റുന്ന ദൈവം

**ചെറിയാൻ പറമ്പിൽ**

ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയും ആത്മഹത്യക്ക് ഒരുങ്ങിയിരുന്നു. ഭയം ആയിരുന്നു അദ്ദേഹത്തെ പിടികൂടിയിരുന്നുത്. കാരാ ഗൃഹത്തിന്റെ ചുമതലയായിരുന്നു തനിക്കുണ്ടായിരുന്നത്. ആ ചുമതല നിർവ്വഹിക്കുവാൻ കഴിയാതെ പോയിയെന്ന് കരുതിയ അയാൾ ആത്മഹത്യക്ക് ഒരുങ്ങിയപ്പോഴാണ് രക്ഷയുടെ സന്ദേശം പൗലോസ് കാരാഗൃഹപ്രമാണിയോട് പറഞ്ഞത്.

അപ്പോൾ പൗലോസ് നിനക്ക് ഒരു ദോഷവും ചെയ്യരുത്. (അപ്പൊ. 16.27)

ജോ ഒരു ജോലിക്കായി മറ്റൊരു സ്ഥലത്തുനിന്ന് സാർട്ട് സിറ്റിയിലേക്ക് കാർ ഓടിച്ചു വന്നു. എന്നാൽ ആരോ പറഞ്ഞുവച്ച ആ ജോലി ജോയിക്ക് കിട്ടിയില്ല. ഇക്കാരണത്താലായിരിക്കാം ജോക്ക് രക്തസമ്മർദ്ദം വർദ്ധിച്ചത്. ഏകദേശം മൂന്ന് മണിയോടെ കൈത്തോക്കുമായി ജോ ഹോട്ടൽ മുറിയിൽനിന്ന് ഇറങ്ങി കാറിൽ കയറാൻ ശ്രമിക്കുകയായിരുന്നു. കാറിന്റെ കതക് പൂട്ടിയിരുന്നില്ലായെങ്കിലും ജോയി കതക് തുറക്കുവാൻ നോക്കിയിട്ട് സാധിച്ചില്ല. അങ്ങനെയിരിക്കെ ഒരാൾ ജോയിയുടെ പിറകിൽ വന്നിട്ട് എന്തെങ്കിലും സഹായം ആവശ്യമാണോ എന്ന് ചോദിച്ചു. ജോ അതിനു മറുപടി ആയി ആരുടെയെങ്കിലും ദയ എനിക്കു ലഭിക്കുമോ എന്ന് ചോദിച്ചു. അപ്പോൾ ഒരു അപരിചിതനായ മനുഷ്യൻ, നമുക്ക് ഹോട്ടലിലേക്ക് പോയി ഓരോ കപ്പ് കോഫി കുടിച്ചുകൊണ്ട് സംസാരിക്കാം എന്നു പറഞ്ഞു. അതനുസരിച്ച് ജോയും ആ മനുഷ്യനും കൂടി ഹോട്ടലിലേക്ക് പോയി. കോഫികുടിച്ചുകൊണ്ടിരുന്നപ്പോൾ വൃത്തിയാക്കാനുപയോഗിക്കുന്ന പേപ്പറിൽ ഒരു ടെലഫോൺ നമ്പർ എഴുതിയിട്ട് നിങ്ങൾക്ക് എപ്പോൾ ആവശ്യം ഉണ്ടെങ്കിലും എന്നെ വിളിക്കാം എന്നു പറഞ്ഞ് ആ മനു ഷ്യൻ അവിടെ നിന്ന് പോയി മറഞ്ഞു. അന്നേ ദിവസം ഒൻപതു മണി ആയപ്പോൾ ജോയ്ക്ക് കിട്ടിയ ഫോൺ നമ്പരിൽ വിളിച്ചു. അതിന് മറുഭാഗത്ത് നിന്ന് കെൻ എന്റെ ഭർത്താവാണ് അദ്ദേഹം ഒരു പാസ്റ്ററും ആണ്. അദ്ദേഹം ഇപ്പോൾ പള്ളിയിലാണ്. ഇത്രയും കേട്ടപ്പോൾ ജോ ഇപ്രകാരം പറഞ്ഞു. ഞാൻ ആത്മഹത്യ ചെയ്യുവാൻ പോകുകയാണ്. എനിക്ക് അദ്ദേഹത്തെ കാണുവാൻ കഴിയുന്നതല്ല. പെട്ടെന്ന് ജോയോട് പാസ്റ്റർ സംസാരിച്ചു. അയാളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി. പാസ്സ്റ്റർ വന്ന് ജോയെ ആശുപത്രിയിലാക്കി ചികിത്സിപ്പിച്ച് ജോ സുഖം പ്രാപിക്കുകയും ആത്മഹത്യയിൽനിന്ന് പിന്മാറുകയും ചെയ്തു. പള്ളിയിലെ ടെലിഫോൺ നമ്പർ എഴുതികൊടുത്ത ആൾ ആരാകുന്നുവെന്ന് ആർക്കും അറിഞ്ഞുകൂടാ. പാസ്റ്ററുടെ ഭാര്യ പറഞ്ഞ ഒരു കാര്യം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ആരോ എന്നെ 3 മണിക്ക് വിളിച്ചുണർത്തി. ജോലി കിട്ടാതെ വിഷമിക്കുന്ന ഒരാളിനുവേണ്ടി പ്രാർത്ഥിക്കുവാൻ പറഞ്ഞു. ഞാൻ ആ മനുഷ്യന്റെ സഹായത്തിന് ആരെയെങ്കിലും അയയ്ക്കണമേ എന്നാണ് പ്രർത്ഥിച്ചത്. ദൈവമാണ് നിങ്ങളെ സഹായിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവം എന്റെ പ്രാർത്ഥനക്ക് ഉത്തരമരുളി.

ഫിലിപ്പയിലെ കാരാഗൃഹപ്രമാണിയും ആത്മഹത്യക്ക് ഒരുങ്ങിയിരുന്നു. ഭയം ആയിരുന്നു അദ്ദേഹത്തെ പിടികൂടിയിരുന്നത്. കാരാ ഗൃഹത്തിന്റെ ചുമതല ആയിരുന്നു തനിക്കുണ്ടായിരുന്നത്. ചുമതല നിർവഹിക്കുവാൻ കഴിയാതെ പോയിയെന്ന് കരുതിയ അയാൾ ആത്മഹത്യക്ക് ഒരുങ്ങിയപ്പോഴാണ് രക്ഷയുടെ സന്ദേശം പൗലോസ് കാരാഗൃഹപ്രമാണിയോട് പറഞ്ഞത്.

പ്രിയ സ്നേഹിതനേ, നിങ്ങളെത്തന്നെ നിങ്ങൾ വെറുത്ത് ആത്മഹത്യക്ക് ഒരുങ്ങുമ്പോഴും നിങ്ങളെ സ്നേഹിക്കുന്ന ദൈവികസ്നേഹത്തെ ക്രിസ്തുവിൽകൂടി നിങ്ങൾ ദർശിക്കുക. ജീവൻ നൽകുന്ന കർത്താവിന്റെ മുൻപിൽ സമർപ്പിക്കാം. ■




## ഫിലാഡൽഫിയായിൽ എക്യുമെനിക്കൽ ഫെലോഷിപ്പ് ക്രിസ്തുമസ് ആഘോഷം

ഫിലാഡൽഫിയ: ചരിത്രസ്മരണകളുറങ്ങുന്ന നഗരത്തിലെ സഹോദര സഭകളിലെ ദേവാലയങ്ങൾ എക്യുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസിന്റെ ആഭിമുഖ്യത്തിൽ 28-ാമത് സംയുക്ത ക്രിസ്തുമസ് ആഘോഷം ഡിസംബർ 13 ശനിയാഴ്ച വൈകിട്ട് 2.30 മുതൽ ജോർജ് വാഷിംഗ്ടൺ ഹൈസ്കൂൾ, 10175 ബസ്റ്റ് ലിറ്റിൽ എവിഇ, ഫിലാഡൽഫിയ, പിഒ - 19116 തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും. അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ യൽദോ മോർ തീത്തോസ് ആയിരിക്കും മുഖ്യാതിഥി. മറ്റു പ്രമുഖ വിശിഷ്ട വ്യക്തികളും ചടങ്ങിൽ സന്നിഹിതരായിരിക്കും. എക്യുമെനിക്കൽ ഫെലോഷിപ്പിന്റെ നേതൃത്വത്തിലുള്ള ക്രിസ്തുമസ് പുതുവത്സരാഘോഷത്തോടനുബന്ധിച്ച് ഫിലാഡൽഫിയ സിറ്റിയിൽ അന്നേ ദിവസം ഏക്യു മെനിക്കൽ ദിനമായി പ്രഖ്യാപിച്ചിരിക്കും. ക്രിസ്തീയ പരമ്പരാഗത രീതിയിലായിരിക്കും മുഖ്യാതിഥികളെ ആനയിച്ചുകൊണ്ടുള്ള വർണ്ണശബളമായ ഘോഷയാത്രയും പൊതുസമ്മേളനവും, യാത്രയയപ്പും മറ്റു നടത്തപ്പെടുന്നത്. കൂടാതെ വെബ്സൈറ്റിന്റെ ഉദ്ഘാടനവും ചാരിറ്റി വിതരണവും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് www.philadelphiaecumanickal.org









# പാവങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഗർജ്ജിച്ച വിശുദ്ധൻ

## ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ





പാവങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഗർജ്ജിച്ച വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1805 ഫെബ്രുവരി 10 ന് കൈനകരിയിൽ ജനിച്ചു. പള്ളികൾ, പള്ളിക്കുടങ്ങൾ ഇവ തുടങ്ങിയില്ലെങ്കിൽ പള്ളികൾ പൂട്ടണമെന്നു പ്രഖ്യാപിച്ച ചാവറയച്ചന്റെ പ്രഖ്യാപനം കാലം കഴിഞ്ഞപ്പോൾ കത്തോലിക്കാസഭയ്ക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുകയായിരുന്നു. കാശ്മീർ മുതൽ കന്യാകുമാരിവരെ വ്യാപിച്ചുകിടക്കുന്ന CMI വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിനു തെളിവാണ്.

**ഭാരതത്തിലെ വിവിധ പട്ടണങ്ങളുടെ നടുവിൽ വ്യാപിച്ചുകിടക്കുന്ന ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടാതെ കാർമലൈറ്റ്സ് ഓഫ് മേരി എന്ന ആദ്യത്തെ ക്രിസ്ത്യൻ സന്യസ്ത സമൂഹത്തിന് രൂപം കൊടുത്ത ചാവറയച്ചൻ ക്രൈസ്തവ സമൂഹത്തിന് വിപ്ലവകരമായ നേട്ടമാണ് നൽകിയത്.**

ഭാരതത്തിലെ വിവിധ പട്ടണങ്ങളുടെ നടുവിൽ വ്യാപിച്ചുകിടക്കുന്ന ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടാതെ കാർമലൈറ്റ്സ് ഓഫ് മേരി എന്ന ആദ്യത്തെ ക്രിസ്ത്യൻ സന്യസ്ത സമൂഹത്തിന് രൂപം കൊടുത്ത ചാവറയച്ചൻ ക്രൈസ്തവ സമൂഹത്തിന് വിപ്ലവകരമായ നേട്ടമാണ് നൽകിയത്. സീറോ മലബാർ സഭയുടെ ആദ്യത്തെ പ്രസ്, സംസ്കൃത വിദ്യാലയം, ആദ്യ ഇംഗ്ലീഷ് വിദ്യാലയം, തുടങ്ങിയവയുടെ തുടക്കക്കാരനാണ് ചാവറയച്ചൻ. 1871 ജനുവരി – 3 ന് 66–ാമത്തെ വയസ്സിൽ മരണമടയുന്നതുവരെ ജീവിതം ഒരു തീപ്പന്തമായി സമൂഹത്തിനുവേണ്ടി ജ്വലിപ്പിച്ച ധീരനായ വൈദികനായിരുന്നു. 1955 ൽ ചാവറയച്ചനെ വിശുദ്ധ പദവിയിലേക്ക് ഉയർത്താനുള്ള നാമകരണ നടപടികൾക്ക് തുടക്കം കുറിച്ചു. ചാവറയച്ചൻ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുമ്പോൾ കേരളത്തിൽ അദ്ദേഹം നടപ്പാക്കിയ ചരിത്രപരമായ സാമൂഹ്യ സേവനങ്ങളുടെ മുന്നേറ്റത്തിന് എതിർപ്പുകളെ തൃണവൽക്കരിച്ചുകൊണ്ടുള്ള പടയോട്ടം അവസാനിച്ചത് വിശുദ്ധ പദവിയിലാണ്. ഇന്ന് രണ്ടായിരത്തിലധികം വരുന്ന വൈദികരുള്ള CMI സഭയിൽ ലോകത്തിന്റെ വിവിധ വൻകരകളിലും ആത്മീയ ചൈതന്യമായി സഭാ പ്രവർത്തനങ്ങൾ നിലകൊള്ളുന്നതിൽ ചാവറയച്ചന്റെ സ്വാധീനം വലുതാണ്.

എവുപ്രാസ്യമ്മ–തൃശൂർ എടത്തുരുത്തിയിലെ പുരാതന ക്രൈസ്തവ കുടുംബത്തിൽ എലവുത്തിങ്കൽ അന്തോണി–കുഞ്ഞേത്തി ദമ്പതികളുടെ പുത്രിയായി 1877 ഒക്ടോബർ 17 ന് ജനിച്ചു. റോസ എന്ന പേരിൽ ആയിരുന്നു അറിയപ്പെട്ടത്. ചെറുപ്പം മുതൽ പ്രാർത്ഥനാചൈതന്യത്തിൽ വളർന്ന അവൾ അപ്പന്റെ ആഗ്രഹത്തെ ലംഘിച്ച് ഒരു സന്യാസിനി ആകാൻ തീരുമാനിക്കുകയായിരുന്നു. ഒന്നിലും പരാതിയില്ലാത്ത ഒരു ജീവിതം, ആരോടും പരിഭവമില്ല. സ്ഥാനമാനങ്ങളും പദവികളും അവൾക്ക് അരോചകമായിരുന്നു. എവുപ്രാസ്യമ്മയുടെ പ്രധാന പ്രേഷിതപ്രവൃത്തി പ്രാർത്ഥനയായിരുന്നു. 1952 ഓഗസ്റ്റ് 29 ന് 75 –ാം വയസ്സിൽ മരിച്ചു.

ചാവറയച്ചനെപോലെ തന്നെ പ്രാർത്ഥനാനിരതമായ ജീവിതത്തിന് എവുപ്രാസ്യമ്മ ലോകത്തിനുമുമ്പാകെ മിന്നി നിൽക്കുന്ന നക്ഷത്രമാണ്. മാന്നാനത്തും, തൃശൂരിലെ ഒല്ലൂരും ചാവറയച്ചന്റെയും എവുപ്രാസ്യമ്മയുടെയും വിശുദ്ധാരോഹണ പ്രക്രീയയിലൂടെ കേരളം ജ്വലിക്കുന്ന ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്.

വത്തിക്കാനിൽ നടന്ന ചടങ്ങിൽ കേരളത്തിന്റെ പേരെടുത്തു പ്രശംസിച്ച ഫ്രാൻസീസ് മാർപാപ്പയുടെ പ്രസംഗം ലോകത്തിന്റെ ശ്രദ്ധ ആകർഷിച്ചിരുന്നു



# കഷ്ടതയുടെ മാർഗം

**ജോബി കാലായിൽ**

കർത്താവ് വിശ്വാസിയുടെ ജീവിതത്തിൽ വരുത്തുന്ന പോരാട്ടങ്ങളെക്കുറിച്ചും കഷ്ടതകളെയും എതിർപ്പുകളെയും കുറിച്ചു ചിന്തിക്കാം. മത്തായി 5:' 10–12 ൽ ഇപ്രകാരം പറയുന്നു. ''നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ.

വിശ്വാസജീവിതത്തിലേക്കു കടന്നുവരുന്ന ഒരു വിശ്വാസി അതിവേഗം കണ്ടുപിടിക്കുന്ന ഒരു കാര്യമുണ്ട്. ''ക്രിസ്തീയ ജീവിതം കഷ്ടതയുടെ മാർഗമാണെന്നുള്ള അനുഭവം''. കർത്താവിനോടുള്ള ബന്ധത്തിൽ ഐക്യത പ്രാപിച്ചു കഴിയുമ്പോൾ അതിവേഗത്തിൽ നമുക്കു മനസ്സിലാകും നാം നിൽക്കുന്നതു പോർക്കളത്തിലാണെന്ന്. ക്രിസ്തീയ ജീവിതം സൗഭാഗ്യകരവും സന്തോഷകരവും ആനന്ദദായകവുമായ ജീവിതമാണ്. എന്നാൽ കർത്താവിനോടുള്ള ബന്ധത്തിലുള്ള ജീവിതം കഷ്ടതയുടെ മാർഗം കൂടെയാണ്. അതുകൊണ്ടാണ് വിശ്വാസത്തിലേക്കും രക്ഷയുടെ അനുഭവത്തിലേക്കും തീരുമാനത്തിലേക്കും പ്രതിഷ്ഠയുടെ അനുഭവത്തിലേക്കും കടന്നുവരുമ്പോൾ ചിലർ പറയുന്നത് ''ഇതുവരെയും എനിക്കു ഇതുപോലെ ജീവിതത്തിൽ പ്രയാസങ്ങൾ നേരിട്ടിട്ടില്ലായിരുന്നു. എന്നാൽ ഇപ്പോൾ പ്രയാസങ്ങൾ നേരിടുന്നു''. വളരെ ശരിയാണ്. എല്ലാ കാലഘട്ടത്തെക്കാളും ക്രിസ്തീയ വിശ്വാസത്തിനു പോരാട്ടം വർദ്ധിച്ച കാലവുമാണിത്. ''ഇരുപതാം നൂറ്റാണ്ടിലാണ് ക്രിസ്തീയ വിശ്വാസത്തിലുണ്ടായിരുന്ന എതിർപ്പുകൾ വർദ്ധിച്ചതും കൂടുതൽ ആളുകൾ വിശ്വാസത്തിനുവേണ്ടി മരിച്ചതും, അപ്പോൾ അധികം പോരാട്ടം ഉണ്ടാകും. നമുക്കു പോരാട്ടം ഉണ്ടാകുന്ന മേഖലയിലൊന്നാണ് 'ലോകം'.

കർത്താവു പറഞ്ഞു: ''ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്'' (യോഹ. 16.33). ലോകത്തിലാണ് നമുക്ക് കഷ്ടം ഉണ്ടാകുന്നത്. കാരണം വിശ്വാസി ലോകത്തിലാണ് ജീവിക്കുന്നത്. അതായത് നമ്മുടെ ഹൃദയവും മനസ്സും സ്വർഗ്ഗത്തിലാണെങ്കിലും കാൽ ഭൂമിയിലാണ്. കാരണം നാം ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ നാം ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിക്കേണ്ടിയിരിക്കുന്നു. അപ്പോൾ സ്വർഗ്ഗീയ കാര്യങ്ങളെക്കൊണ്ടാണ് മനസ്സു നിറഞ്ഞിരിക്കുന്നതെങ്കിലും കാൽ ഇപ്പോഴും ഭൂമിയിലാണ്. (യോഹ. 17:15) ''അവരെ ലോകത്തിൽനിന്ന് എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാത്തവിധം അവരെ കാത്തുകൊള്ളണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്''. ഈ ഭൂവിൽ വന്നു പിറക്കുവാൻ ദൈവം അനുവദിച്ചതുകൊണ്ട് നാം ഇവിടെ വസിക്കുന്നു. അപ്പോൾ നമ്മെ ലോകത്തിൽ ആക്കിയിരിക്കുകയാണ്. നാം ലോകത്തിൽ ആയതല്ല. യോഹന്നാൻ 17:18 ൽ പറയുന്നു. ''നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു'' അപ്പോൾ ഒരു നിയോഗത്തോടുകൂടിയാണ് നമ്മെ ഈ ലോകത്തേക്ക് അയച്ചിരിക്കുന്നത്. അതുകൊണ്ട് നാം ആയിരിക്കുന്ന സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കേണ്ടത് ആവശ്യമാണ്.




വീടു വയ്ക്കുക
വിവാഹം കഴിക്കുക
വിദേശത്ത് പോകുക
ഈ സ്വപ്നങ്ങൾ പൂവണിയുമ്പോൾ
മനസ് ലോകം കീഴടക്കിയതുപോലെ.....!
എന്നാൽ ഇതിന്റെ ഉറപ്പ്, അഥവാ സംരക്ഷണത്തിന്
കോട്ടം തട്ടിയാൽ സന്തോഷത്തിന് വിരാമമാകാം.

അമേരിക്കയിൽ നിങ്ങൾ നല്ലൊരു വീട്
സ്വപ്നം കാണുന്നുവോ...?
ഞങ്ങൾ നിങ്ങളെ സഹായിക്കാം. മനസ്സിനൊത്തൊരു വീട്.

Phone No.215 882 2385, 215 544 1233

റിയൽ എസ്റ്റേറ്റ് രംഗത്ത്
വർഷങ്ങളുടെ പാരമ്പര്യവും വിശ്വസ്തയും
ഞങ്ങൾ ഉറപ്പുതരുന്നു.





എല്ലാവിധമായ മെയിന്റനൻസ്, പുതിയ നിർമ്മാണം, റൂഫിങ്ങ്, കോൺക്രീറ്റ് പണികൾ, പെയിന്റിങ്ങ്, ഇന്റീരിയർ ഡക്കറേഷൻസ് തുടങ്ങി എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ.

ഗുണനിലവാരത്തിലും, നിശ്ചിതസമയത്തും, ചിലവുകുറച്ചും ചെയ്തു തരുന്ന അംഗീകാരമുള്ള സ്ഥാപനം.

നേരിട്ടു ഞങ്ങളുമായി ബന്ധപ്പെടുക. ടെക്സാസ് സ്റ്റേറ്റിൽ എവിടെയും, ഡാലസ്, ഹൂസ്റ്റൺ, ഓസ്റ്റിൻ തുടങ്ങിയ സ്ഥലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓഫീസ്. അമേരിക്കൻ ടെക്നീഷ്യന്മാരുടെ സംഘവും മലയാളി നേതൃത്വനിരയും....



വിവാഹം
ദൈവനിശ്ചയമാണ്.
കൂട്ടിച്ചേർക്കലിന്റെ സമയവും
ദൈവത്തിന്റേത്.

നിങ്ങളുടെ മക്കൾക്ക് ജീവിത പങ്കാളിയെ തേടുവാൻ പ്രയാസപ്പെടുന്നുവോ? നിങ്ങളുടെ കുഞ്ഞുങ്ങളുടെ സ്വഭാവത്തിനും, വിദ്യാഭ്യാസത്തിനും, മനസ്സിനിണങ്ങിയതുമായ വിവാഹാലോചനകൾ ലഭിക്കുവാൻ ഞങ്ങൾ നിങ്ങളെ സഹായിക്കും. നിങ്ങളുടെ മക്കൾക്ക് അനുയോജ്യമായ ബന്ധത്തിന് നിങ്ങളുടെ വിവരങ്ങൾ ഞങ്ങളെ അറിയിക്കുക.

യു. എസ് ട്രിബ്യൂൺ, മാട്രിമോണിയൽ വിഭാഗം, പി. ഒ ബോക്സ് 52120, ഫിലാഡൽഫിയ, പിഎ 19115, Phone No.215 882 2385 , 215 544 1233


Edited, Printed and Published owned by LCCI Inc. PO Box-52120, Philadelphia, PA 19115 USA. Ph: 215 882 2385, 215 544 1233, 215 275 9688. Chief in Operations: Varghese Mathew. Editorial DIrector. Dr. Shiny Mathew. E-mail. info@ustribuneonline.com. online issue:**www.ustribuneonline.org**

Design : US TRibune +919747930338